61
116

# ലോറിന



T61
N16

By

തമ്പിയിൽ നാരായണപിള്ള

31
776

# ഫിലോമിന

അഥവാ

# ഓമന.

THAMPIYIL K. NARAYANA PILLAI
CANCELLED.

ഗ്രന്ഥകർത്താ

## തമ്പിയിൽ നാരായണപിള്ള

പാലാ.

T 6
N16

പ്രസാധകർ:-
ററി. അഫ്രേം & പി. ജെ. തോമസ്.
പാലാ.

ഒന്നാം പതിപ്പ്
കാപ്പി 1500.

1125.

DHARMARAM COLLEGE LIBRARY
1630
BANGALORE.

പകർപ്പവകാശം ഗ്രന്ഥകർത്താവിന്.

വില. 10 അണ.

ഗ്രന്ഥകർത്താവിന്റെ മുദ്ര എല്ലാ പുസ്തകത്തിലുമുണ്ടായിരിക്കും.

# അവതാരിക.

ശ്രീമാൻ തമ്പിയിൽ നാരായണപിള്ള അവർകളുടെ ഭാവനാസന്താനമായ ഈ "ഓമന" സഹൃദയഹൃദയാങ്കണത്തിൽ പിച്ചവയ്ക്കുന്ന കാഴ്ച ഏവർക്കും ആഹ്ലാദപ്രദമായിരിക്കുമല്ലോ. പക്ഷെ പുരോഗമന സാഹിത്യക്കോളിളക്കത്താൽ കേരളസാഹിത്യം മുക്കാലും പരീക്ഷണപരിണാമങ്ങൾക്ക് പാത്രീഭവിച്ചു കൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ പുരാതന മാതൃകയിലുള്ള പുരാവൃത്തമൂശയിൽ വാർത്തെടുത്ത "ഫിലോമിന" പോലെയുള്ള കൃതികൾക്കു സ്ഥാനമെവിടെയെന്നു വല്ലവരും ശങ്കിച്ചേയ്ക്കാം. എന്നാൽ മഹജ്ജീവിതത്തേയും മതതത്വങ്ങളേയുമുപജീവിച്ചു് വിരചിതങ്ങളായ കൃതികളാണു് വിശ്വസാഹിത്യത്തിൽ, വിശിഷ്യ ഭാരതീയ സാഹിത്യത്തിൽ എക്കാലവും ലബ്ധപ്രതിഷ്ഠങ്ങളായിരുന്നിട്ടുള്ളതെന്നു് അവർ അനുസ്മരിക്കേണ്ടതുണ്ടു്. ജീവിതമത്സര വിജയത്തിനു് സാമുദായികവും സാമ്പത്തികവുമായ പരിഷ്കാരത്തെക്കാൾ ആത്മസംസ്കാരമാണു് അത്യന്താപേക്ഷിതമെന്നും സംസ്കാരപോഷകമായ സാഹിത്യം പരമ്പരയാ സർവ്വാഭ്യുന്നതിയേയും പ്രദാനം ചെയ്യുവാൻ പര്യാപ്തമാണെന്നുമുള്ള വസ്തുത ഗ്രഹിച്ചിട്ടുള്ള സഹൃദയന്മാർ ഈ ഖണ്ഡകാവ്യത്തിനും സാഹിത്യസാമ്രാജ്യത്തിൽ പ്രവേശമനുവദിക്കാതിരിക്കയില്ലതന്നെ.

റോമ്മാ നഗരത്തിലുള്ള വി: പ്രിഷീല്ലയുടെ അന്ധകാര നിബിഡമായ ഭൂഗർഭാലയത്തിൽ പതിനേഴ ശതാബ്ദത്തോളം മറഞ്ഞിരുന്നെങ്കിലും ക്രിസ്ത്വബ്ദം 1802-ലെ ദർശനങ്ങളാൽ ആത്മപ്രകാശമരുളിയ വി: ഫിലോമിനയുടെ വിശ്വവിഖ്യാതമായ അത്ഭുത ചരിതമാണ് പ്രകൃത കൃതിയിലെ പ്രതിപാദിതം. കാമാന്ധനും നിഷ്ഠുരനും മതമർദ്ദകനുമായ ഡയോക്ലിഷ്യൻ ചക്രവത്തി റോമ്മാ സാമ്രാജ്യം ഭരിച്ചിരുന്ന കാലത്ത് ഗ്രീസ്സിൽ അദ്ദേഹത്തിന്റെ സാമന്തനായി നാടുവാണിരുന്ന കലിസ്റ്റോസ് എന്ന രാജാവിന്റെ പുത്രിയായിട്ടാണ് നമ്മുടെ കഥാനായിക ഭൂജാതയായത്. സദാചാരനിരതരും ക്രിസ്തുമതവിശ്വാസികളുമായ മാതാപിതാക്കന്മാരാൽ സുശിക്ഷിതയായി വളർത്തപ്പെട്ട ഈ ഓമന മകൾ കേവലം ഏകാദശവയസ്സയായിരിക്കെത്തന്നെ കന്യാവ്രതവാഗ്ദാനത്താൽ സ്വജീവിതം മുഴുവനും സ്നേഹനിധിയായ ക്രിസ്തുനാഥന് സമർപ്പിച്ചു. ക്രമേണ ബാലികയ്ക്കു പതിമ്മൂന്നു വയസ്സു പ്രായമായപ്പോൾ കലിസ്റ്റോസ് പുത്രീസമേതം ഉത്സവദർശനാർത്ഥം റോമ്മാ നഗരത്തിലാഗതനായി. അന്ന്— "താരുണ്യവാതലിൽ കാൽ വച്ചു നിൽക്കുന്ന"—ആ സ്വർഗ്ഗീയ സൗന്ദര്യസാരത്തെ സ്വപ്രേയസീപദത്തിൽ പ്രതിഷ്ഠിക്കുവാൻ—സ്വവിഷയാഗ്നിക്കിന്ധനമാക്കുവാൻ—കാമാന്ധനായ ചക്രവത്തി അഭിലഷിച്ചു. എന്നാൽ ശിലയും പിളക്കുന്ന രാജാജ്ഞയൊ, ലാളനതാഡനാദി ഉപായങ്ങളോ, മൂർത്തീകരിച്ച ആ ചാരിത്ര്യശുദ്ധിയെ സ്വവശഗയാക്കുവാൻ പര്യാപ്തങ്ങളല്ലെന്നും, "കന്യകയായി-

ത്താൻ ജീവിക്കും" എന്നാണു് അവളുടെ അന്തിമവും സുദൃഢവുമായ നിശ്ചയമെന്നും അചിരേണ ചക്രവർത്തിക്കു ബോദ്ധ്യമായപ്പോൾ, കാമം പ്രതികാര രൂക്ഷമായ ക്രോധമായി ഭീകര രൂപമെടുത്തു. നിർദ്ദയനായ ചക്രവർത്തിയുടെ പൈശാചികാജ്ഞയാൽ വിശുദ്ധയായ ഈ വീരബാലിക അയശ്ശൃംഖലാബദ്ധയായി ഭൂഗർഭത്തിലെ തിമിരനിർഭരമായ കാരാഗാരത്തിൽ തള്ളപ്പെട്ടു. തീവ്രയാതനാ പൂർണ്ണമായ മുപ്പത്തിയേഴ ദിവസങ്ങൾക്കു ശേഷം, വി: കന്യകാമറിയം തന്റെ ഓമനമകളെ സമാശ്വസിപ്പിച്ചെങ്കിലും,—ദൈവദൂതന്മാർ അവളെ ഭദ്രമായി സംരക്ഷിച്ചു കൊണ്ടിരുന്നെങ്കിലും,—കശാഘാതാദി നിരവധി പീഡകളോടു് ധീരധീരം പോരാടി വിജയം വരിച്ച ഈ വീര രാജകന്യക ഘോരാസിധാരയെ വരണമാല്യം പോലെ സ്വകണ്ഠത്തിലണിഞ്ഞു് സ്വാരാജ്യകിരീടം ചൂടി പരിലസിക്കുന്ന കാഴ്ച ആരെത്തന്നെ ആനന്ദപുളകം കൊള്ളിക്കയില്ല—? ഈ വിശുദ്ധ ഇന്നു വർഷിച്ചു കൊണ്ടിരിക്കുന്ന അത്ഭുത വരദാനങ്ങൾ ലോകത്തിനു് ശാശ്വത ശാന്തിപ്രദങ്ങളുമാണു്.

മേൽ സംക്ഷേപിച്ച വിശ്വവിസ്മാപകമായ വിശുദ്ധ ചരിതം കാവ്യാനുരൂപമായ ഒരക്ഷയ നിക്ഷേപമാണെന്നുള്ളതിനു സന്ദേഹമില്ലല്ലൊ, പ്രകൃതത്തിൽ കവി ഖണ്ഡകാവ്യ പ്രസ്ഥാനത്തിന്റെ മൗലികതത്വങ്ങൾ മാനദണ്ഡമായംഗീകരിച്ചു്, ഒരു പാശ്ചാത്യേതിവൃത്തത്തെ അനുസന്ധാനം ചെയ്യാനാവശ്യമായ കല്പനാശക്തി പ്ര

യോഗിച്ചിട്ടുണ്ടെന്നല്ലാതെ മൂലകഥയിൽ നിന്ന് ഗണനീയമായ വ്യതിയാനമൊന്നും വരുത്തിക്കാണുന്നില്ല. കവിതാഗാത്രത്തെ പഞ്ചഖണ്ഡങ്ങളായി വിഭജിച്ചിരിക്കുന്നതാകട്ടെ ഇതിവൃത്തത്തിൻെറ ക്രമാനുഗതമായ വളർച്ചയിലും രസവൈവിദ്ധ്യത്തിലും അനുവാചകരുടെ ശ്രദ്ധയെ കൂടുതൽ കേന്ദ്രീകരിക്കുവാൻ സഹായകമായിരിക്കുന്നുണ്ടെന്നു കാണാം. ഇതിൽ ആപാദചൂഡം മഞ്ജരിവൃത്തത്തിലുള്ള എഴുപത്തിരണ്ടു ഖണ്ഡിക മാത്രമേയുള്ളുവെങ്കിലും, കവി ഇടയ്ക്കിടെ വർണ്ണനകളും നൂതനാഭിപ്രായങ്ങളും പ്രയോഗിക്കാതിരുന്നിട്ടില്ല.

"വാരുററ ചെങ്കതിർവീശി വിഭാവസു
പാരിടമാകെ മിനുക്കിടുമ്പോൾ
പുഞ്ചിരിതൂകിയ പൂമൊട്ടുപുൽകുവാൻ
കൊഞ്ചിമധുപമണഞ്ഞിടുമ്പോൾ—" ഇത്യാദി
വർണ്ണനകളും
"ശൃംഗാരദേവതതൻ ബലിക്കുള്ളതോ
സാഗതം സാമ്രാജ്യപ്പൊൽക്കിരീടം—" ഇത്യാദി

അഭിപ്രായ വിശേഷങ്ങളും ഏതു ഖനിയിൽ ജനിച്ചു എന്നു് സഹൃദയന്മാർ ചിന്തിക്കേണ്ടതാണു്.

പൈശാചികമായ കാമത്തിൻേറയും, സ്വർഗ്ഗീയമായ പാവന പ്രേമത്തിൻേറയും, പരസ്പരസംഘട്ടനത്താലുളവാകുന്ന അവസ്ഥാവിശേഷങ്ങളും പരിണത ഫലങ്ങളുമാണു് ഈ കൃതിയിൽ പ്രധാന്യേന ചിത്രീകരിക്കപ്പെട്ടി

രിക്കുന്നതു്. സർവസംഹാരശക്തമായ ക്രോധമായി വേഷം മാറുന്ന കാമമെവിടെ—? സഹിഷ്ണുതയുടേയും ശാന്തിയുടേയും മധുരസംഗീതം സ്രവിച്ചുറങ്ങുന്ന പരിശുദ്ധപ്രേമമെവിടെ--? ഒന്നു തമോമയവും മൃഗീയവുമാണെങ്കിൽ മററതു ശുദ്ധസാത്വികവും സ്വർഗ്ഗീയവുമാണു്. ഈ വിരുദ്ധ ശക്തികളുടെ പോരാട്ടത്തിൽ പഠിതാക്കളുടെ ശ്രദ്ധയെ കേന്ദ്രീകരിച്ചു് ഒന്നിനോടു തികഞ്ഞ വെറുപ്പും മററതിനോടു് അളവററ ആദരവും സംജാതമാക്കുന്ന കവി നമ്മുടെ ഹൃദയത്തെ ഈശ്വരഭക്തിയിലേയ്ക്കു് ഹഠാദാകർഷിക്കുന്ന വസ്തുത നാം തന്നെ അറിഞ്ഞില്ലെന്നു വരാം. ഇങ്ങനെ ഈശ്വരഭക്തിയുടേയും ചാരിത്ര്യശുദ്ധിയുടേയും, മാഹാത്മ്യം മനുഷ്യഹൃദയങ്ങളിലടിച്ചു കയററുവാൻ പ്രകൃത കൃതിക്കുള്ള അസാമാന്യശക്തി വ്യക്തമാകുന്നുണ്ടല്ലൊ.

സ്ഥായിയായ ധർമ്മവീരം സ്വസഖിയായ ഭക്തിയുടെ കരം ഗ്രഹിച്ചു് ഈ കാവ്യഫലണ്ടാപഥത്തിൽ സഞ്ചരിക്കുന്ന കാഴ്ച സഹൃദയൎക്കു ഹൃദ്യമാകാതിരിക്കയില്ല

"ആർത്തത്രാണാർത്ഥം ജനിച്ചോരത്തമ്പുരാൻ
ക്രിസ്തുവെന്നാത്മീയ ചക്രവർത്തി"

എന്ന സ്ഥിരനിഷ്ഠയോടെ കന്യാവ്രത സംരക്ഷണാർത്ഥം സർവ്വഥാ ജാഗരൂകയായി വർത്തിക്കുന്ന നായിക ഉത്സാഹസ്ഥായിയായ വീരരസത്തിനു് ഉത്തമാലംബനമാ

ണെന്നുള്ളതിന് തക്കമില്ല. ശുദ്ധ സാത്വികപ്രേമബീജത്തിൽ നിന്നു പൊടിച്ച് ഗുരുജനപരിലാളനത്താൽ വളൎന്ന്, നിർദ്ദയനായ ചക്രവൎത്തിയുടെ മൎദ്ദനകുഠാരമേററ് ശാഖോപശാഖം തഴച്ച് പടൎന്ന് ദൈവദൂതന്മാരുടെ രക്ഷാദോഹദത്താൽ പല്ലവിതമായുല്ലസിക്കുന്ന ഈ വീരകല്പകവല്ലി അത്ഭുത കുസുമങ്ങളിൽ നിന്നു തൂകിക്കൊണ്ടിരിക്കുന്ന തൂമധു ആൎക്കുതന്നെ ആസ്വാദ്യമായിരിക്കയില്ല—? അന്ത്യം വരെ സ്വനിശ്ചയത്തിൽ നിന്ന് ഒരടി പോലും പിന്മാറാതെ ക്ലേശസഹിഷ്ണുതയാൽ ക്രൗൎയ്യത്തിൻെറ കരാളവിഷദംഷ്ട്രകളടൎത്തിപ്പറിച്ച്, ആത്മവിസ്മാരകമായ ഭക്തിലഹരിയിൽ മുഴുകിയ ഈ കന്യകാരത്നത്തെ അതിശയിക്കുന്ന വീര രസാലംബനമുണ്ടായിരിക്കയില്ലതന്നെ.

> "ഈശ്വരപ്രേമത്തിൽ മാനസം നീന്തുമ്പോൾ
> നശ്വരലൗകിക ചിന്തയെങ്ങ്—?"

എന്നതു പോലെ ശാന്തരസം ഭക്തിയോട് സമീചീനമായി സംയോജിപ്പിക്കപ്പെട്ടുമാത്രമെ പ്രയോഗിച്ചു കാണുന്നുള്ളു. മനുഷ്യഹൃദയത്തിലുളവാകാവുന്ന സൎവ്വോൽകൃഷ്ടമായ വികാരം ഈശ്വരവിഷയകമായ പരമപ്രേമമാകയാൽ അതിൻെറ ഹൃദയദ്രവീകരണപ്രവണത ആൎക്കും ചോദ്യം ചെയ്യാവുന്നതുമല്ല. ഡയോക്ലീഷ്യൻ ചക്രവൎത്തിയെ ആലംബനമാക്കി പ്രസരിക്കുന്ന കാമശൃംഗാരമാകട്ടെ; പ്രതികൂല നായികാവിഷയകമാകയാൽ ക്രമേണ ബീഭത്സരൗദ്രങ്ങളായി രൂപാന്തരപ്പെട്ട് അനാസ്വാദ്യമാ

യിത്തീരുന്നു. വിശുദ്ധയുടെ ജീവചരിത്രത്തെ യഥാസ്ഥിതരൂപത്തിലനുഗമിക്കുന്ന കവിക്ക് രസവിഷയത്തിലുള്ള പാരതന്ത്ര്യം വായനക്കാർ വിസ്മരിക്കയില്ലെന്നു വിശ്വസിക്കുന്നു

രസാനുരൂപമായ പ്രകൃതിവർണ്ണനകൊണ്ടും യഥാസ്ഥാന വിനിവേശിതങ്ങളായ ആശയവിശേഷങ്ങൾ കൊണ്ടും അക്ലിഷ്ടസിദ്ധങ്ങളായ അലങ്കാരങ്ങൾ കൊണ്ടും ഈ ഖണ്ഡകാവ്യത്തിനുളവായിട്ടുള്ള ഉൽക്കർഷവും ശ്രദ്ധേയമാണ്. ഗ്രന്ഥാരംഭത്തിലെ

"ആകാശമങ്ങോളം താണ്ടിയസൂര്യനെ
സ്വീകരിച്ചീടുന്നു വാരുണിയാൾ
അങ്കണത്തിൽ ചേർക്കുന്നു വീശിത്തുടയ്ക്കുന്നു
കുങ്കുമം പൂശിമിനുക്കിടുന്നു.
കൊള്ളാമീരത്നമെന്നാർണ്ണവം കൈപൊക്കി
പൊള്ളിപ്പുളഞ്ഞുടൻ പിൻവലിച്ചു—"

ഇത്യാദി പാദങ്ങളിൽ സായം സന്ധ്യയെ മോഹനമായി ചിത്രീകരിക്കുന്ന കവി കാമോദ്ദീപകമായ പശ്ചാത്തലമൊരുക്കുന്നതോടൊപ്പം വ്യംഗ്യഭംഗിയിൽ സൂച്യസൂചന നിർവ്വഹിക്കുന്നതുപോലെ തോന്നുന്നു. ധർമ്മസ്ഥാപനാനന്തരമുത്ഥാനം ചെയ്ത സ്നേഹനിധിയായ ക്രിസ്തുനാഥനെ സ്വഹൃദയത്തിൽ പ്രതിഷ്ഠിച്ച് ഭക്തിപാരവശ്യത്തോടെ ആരാധിക്കുന്ന വി: ഫിലോമിനയേയും, അവളുടെ ചാരിത്ര്യശുദ്ധിയറിയാതെ ബാഹ്യസൗന്ദര്യത്തിൽ ഭ്ര

മിച്ച് ഹതാശനും ക്രുദ്ധനുമായിത്തീരുന്ന ചക്രവത്തിയേയും കവി വാരുണനിയിലും, അണ്ണവത്തിലും മറച്ചു വച്ചിരിക്കുന്നു എന്നു ശങ്കിക്കുവാൻ ന്യായമുണ്ട് ചെങ്കതിർ ചൊരിഞ്ഞുജ്ജ്വലിക്കുന്ന സൂര്യനിൽ ക്രിസ്തുനാഥനേയും, ആ രശ്മിപ്രസരത്താൽ ചെന്നിറമായിവിളങ്ങുന്ന പശ്ചിമാകാശത്തിൽ വിശുദ്ധ ഫിലോമിനയേയും പ്രക്ഷുബ്ധമായ അണ്ണവത്തിൽ ഡിയോക്ലിഷ്യൻ ചക്രവത്തിയേയും പ്രതിഫലിപ്പിക്കുന്ന കവി കൺകെട്ട് വിദ്യക്കാരനല്ലെന്നു പറയുന്നതെങ്ങനെ? കഥാസരിത് പ്രവാഹത്തിൽ മുങ്ങി സ്വയമൊഴുകിക്കൊണ്ടിരിക്കുന്ന കവിയുടെ കല്പനാശക്തി ഉപരിതലത്തിലെത്തി പ്രകൃതിദൃശ്യങ്ങളെ വർണ്ണിക്കുന്ന ഈ ദൃശ്യശകലങ്ങൾ പരിമിതമാണെങ്കിലും, അന്തർഭാഗത്തു നിന്നു പൊന്തിച്ചു കാട്ടുന്ന ചിന്താരത്നങ്ങളും അലങ്കാരവിശേഷങ്ങളും സുലഭമാണ്. കവിയുടെ ഭാവനാശക്തിയിലൂതിയുരുക്കി മാററു കൂട്ടിയ സുന്ദരവസ്തുക്കളാണ് ഈ കൃതിയിൽ അലങ്കാരസാമഗ്രികളായി രൂപമെടുത്തിട്ടുള്ളതു്. കേവലം ആഡംബരത്തിനു വേണ്ടി അലങ്കാരമുപയോഗിച്ചിരുന്ന പഴയസമ്പ്രദായം ഈ കാവ്യത്തിൽ ഒരിടത്തും കാണുന്നില്ലെന്നുള്ളതും ശ്ലാഘനീയമാണ്. ഐശ്വര്യാൽക്കർഷത്തിൽ ഈശ്വരഭക്തി നശിച്ചുപോകുന്ന വസ്തുത കവി എത്ര ഹൃദ്യമായി വർണ്ണിക്കുന്നു എന്നു നോക്കുക:—

"രാജേന്ദ്രമൗലിയിൽ മിന്നുംകിരീടത്തിൽ
രാജിക്കും രത്നാഭകൾത്തൊഴുക്കിൽ

മുങ്ങിമരിച്ചുപോ ലോകേശഭക്തിയാ-
മംഗനമംഗളം വീശിനിന്നോൾ—"

എന്ന വരികളിലെ ആശയാലങ്കാരങ്ങളുടെ ഭൂഷ്യഭൂഷണഭാവം വ്യവഛേദിക്കുക ദുഷ്കരംതന്നെ. രാജകിരീടത്തിലെ രത്നപ്രഭയെ സരിത് പ്രവാഹമായി കല്പിച്ചു് അതിൽ മംഗളപ്രദയായ ഭക്ത്യംഗനയെ മുക്കിക്കൊല്ലുന്ന പാതകം കവിയുടെ മേൽ ചാൎജ്ജു ചെയ്യത്തക്കതുതന്നെ. എന്നാൽ ആ കുത്തൊഴുക്കിൽ കാൽ വഴുതി "മുങ്ങിമരിച്ചുപോ"എന്നു സാനുകമ്പ മുഖേ് പ്രക്ഷിച്ചു് കവി തൻെറ മേൽ വരാവുന്ന ഹത്യാരോപണത്തെ പരിഹരിച്ചിരിക്കുന്നതു് എത്ര കൗശലത്തോടെയാണെന്നുകണ്ടാലും —! പരേതയായ ഭക്ത്യംഗനയുടെ മൃതദേഹം കാണുവാൻ നദീതീരത്തു് സാനുകമ്പം തിങ്ങിക്കൂടുന്ന ജനങ്ങളോട്— "മംഗളം വീശിനിന്നോൾ—" എന്നു് ആ മഹതിയുടെ ഗുണവൎണ്ണനം കൂടി ചെയ്തു് കരയിച്ചല്ലാതെ വിട്ടയക്കുവാൻ ഭാവമില്ല. ധനസമൃദ്ധിയിൽ ഈശ്വരഭക്തി നശിക്കാറുള്ള വസ്തുത ഇതിലധികം ശക്തിയായും സരസമായുമുൽബോധിപ്പിക്കുവാൻ ആൎക്കെങ്കിലും കഴിയുമെന്നുതോന്നുന്നില്ല

"ഏണാങ്കബിംബമീമേടതൻ സ്തൂപിക
ക്ഷോണിതൻ വിഭ്രമവേളയിങ്കൽ
തട്ടിത്തെറിപ്പിച്ചതിങ്ങു പതിച്ചുപോ
പൊട്ടിത്തകരാഞ്ഞതെത്ര ഭാഗ്യം!"

എന്നു നായികയുടെ സൗന്ദൎയ്യാതിശയത്തോടൊത്തു് മേടകളുടെ ഔന്നത്യം വൎണ്ണിക്കുന്ന പ്രകൃത പദ്യത്തിൽ സംബന്ധാതിശയോക്തിയുടെ സംയോഗത്താൽ അല്പം കൃത്രിമാംശം കലൎന്നിട്ടുണ്ടെങ്കിൽ തന്നെ ഉൽപ്രേക്ഷയുടെ

ചമൽക്കാരം പ്രശംസനീയമാണ്. മേടയുടെ സ്തൂപിക തട്ടിത്തെറിപ്പിച്ചെങ്കിലും പൊട്ടിത്തകർന്നില്ല എന്നതുകൊണ്ടു് വ്യഞ്ജിപ്പിച്ചിരിക്കുന്നതു്, ചക്രവർത്തിയുടെ മർദ്ദനം നായികയുടെ ചാരിത്ര്യശുദ്ധിയെ ക്ഷയിപ്പിച്ചില്ല എന്ന ആശയത്തെത്തന്നെയായിരിക്കാം — എന്നാൽ നായികയിൽ ഉൽപ്രേക്ഷിതമായ ചന്ദ്രഭാവത്തെ നിഷേധിക്കുവാൻ പിന്നീടു കാണിച്ചിട്ടുള്ള പരാക്രമങ്ങൾ അലങ്കാരശാസ്ത്രദൃഷ്ട്യാ ദോഷകോടിയിൽ പരിഗണിക്കപ്പെട്ടെന്നു വരാം.

"ആശനിൽകീർത്തികപോതിയെ നായാടാൻ
പാശംവിരിച്ചിരവെച്ചു സ്വാർത്ഥം
മുററുമഹങ്കാരപ്പുച്ചമറയ്ക്കുള്ളി-
ലൊററാനിരിക്കുന്നതോക്ക രാജൻ!"

ഇവിടെ യഃശാനാശകമായ ദുരാശ വനചരരൂപത്തിൽ അഹങ്കാരപ്പുച്ചപ്പുർപ്പിൽ ഒളിയിരിക്കുന്ന കാഴ്ച ഭീകരമെങ്കിലും സുന്ദരമത്രെ!—അവസരോചിതമായ പദപ്രയോഗത്തിലും കവി അസമർത്ഥനല്ലതന്നെ.

"സത്വരംമന്നന്റെ തീക്കണ്ണിൽനിന്നുടൻ
അസ്ത്രങ്ങൾപാഞ്ഞു നിശിതതപ്തം"

എന്നു രൗദ്രരസവർണ്ണനയിലും

"കണ്ണീർതളിച്ചതറകളിൽ മോചന-
മെണ്ണുംജനനത്തിന്റെ ഹോമവേദി—"

എന്നു കാരാഗാരവർണ്ണനയിലും കാണുന്ന ഈരടികൾ നമ്മുടെ ഹൃദയാന്തരാളത്തിലുളവാക്കുന്ന വികാരഭേദം തുലനം ചെയ്തു നോക്കിയാൽ കവിയുടെ ഔചിത്യദീക്ഷ ഏതാണ്ടു വ്യക്തമാകാതിരിക്കയില്ല.

ഇങ്ങനെ "സ്ഥാലീപുലാകന്യായേന" ചില സാരസ്യാംശങ്ങൾ എടുത്തുകാണിച്ചതുകൊണ്ടു് പ്രകൃതകാവ്യം

സവ്ഥാ ദോഷാസ്പൃഷ്ടമെന്ന് ആരും ഗണിക്കേണ്ടതില്ല. മനുഷ്യസഹജമായ പല സ്ഖലിതങ്ങളും ന്യൂനതകളും ഇതിൽ സ്ഥലം പിടിച്ചിരിക്കുന്ന വസ്തുത മറന്നാലും മറക്കാവുന്നതല്ലല്ലൊ. ചില പ്രയോഗങ്ങൾ വ്യാകരണമുദ്രയില്ലാത്ത വ്യാജനാണയങ്ങളായി കണ്ടുകെട്ടപ്പെട്ടേയ്ക്കാം-

"താരങ്ങളോരോന്നടത്തിപ്പതിച്ചപോൽ
ചാരുരത്നോജ്ജ്വലപീഠമൊന്നിൽ
സമ്പൂർണ്ണശ്രീയെഴുമുദ്യാനലക്ഷ്മിയെ
സാമ്പ്രതംസസ്മിതം നോക്കിനോക്കി"

ഇത്യാദി അവിവക്ഷിതാന്വയവും

"സാമ്രാജ്യനാഥരുമാചാര്യവർഗ്ഗവും
നിർമ്മൂലംധ്വംസിക്കാൻ ക്രിസ്തുമാർഗ്ഗം
പ്രേഷിതവർഗ്ഗത്തെ നായാടിനാലോളം
വർഷശതമവർ വാശിയോടും—"

ഇത്യാദി സവ്നാമദൂവ്യയവും, ക്ലിഷ്ടാന്വയവും അക്കൂട്ടത്തിൽ പെട്ടതാണ്.

"കഷ്ടമീകോകിലം കൂട്ടിലകപ്പെട്ട്"

"ഉച്ചൈശ്ശേഷഃമാ രാഗസ്ററുപത്തിൽതാൻ
നിശ്ചയിച്ചത്രേയീ ക്രൂരകൃത്യം—"

"അപ്പോൾശ്രീയോമനയാകാശേക്ലൃപ്തകൈ"

"അപ്പോളാക്കാരിരുമ്പാണിദ്വാരം"

ഇത്യാദി പരസ്പരം വിഘടിച്ചോ ദുർഘടസംയോഗത്താൽ മത്സരിച്ചോ നില്ക്കുന്ന പദങ്ങളെ വല്ല സന്ധിവ്യവസ്ഥകളിലും സംയോജിപ്പിക്കേണ്ടതു് ഭാഷാഭിവൃദ്ധിക്കത്യന്താപേക്ഷിതമാണ്.

കവിജീവിതചരിതത്തിലെ സംഭവക്രമത്തെ അനുഗമിക്കാതെ ത്യാജ്യഗ്രാഹ്യവിവേകത്തോടെ കഥാഗാത്രത്തെ ഉടച്ച് നൂതനരീതിയിൽ വാർത്തിരുന്നെങ്കിൽ കാവ്യശോഭ പതിന്മടങ്ങു വർദ്ധിക്കുമായിരുന്നു. കാവ്യാരംഭത്തിൽ കവി ഈ രീതി പരീക്ഷിച്ചു നോക്കാതെയുമിരുന്നിട്ടില്ല പക്ഷെ ക്രമേണ അതു പരിത്യജിച്ചിരിക്കുന്നു. വർണ്ണ്യവസ്തുവിനും സന്ദർഭത്തിനുമനുയോജ്യമായി നാനാവൃത്തവിചിത്രമായ രചനയാലുളവാക്കുന്ന രസികതയും പ്രകൃതത്തിൽ സിദ്ധിച്ചിട്ടില്ല ചെറുശ്ശേരിയെപ്പോലെയുള്ള കവികുലകൂടസ്ഥന്മാർ ഒരേവൃത്തം കൊണ്ടു് നാനാരസം വ്യഞ്ജിപ്പിക്കുവാൻ ചതുരന്മാരാണെങ്കിലും അധുനികയുവകവികൾക്കു് ആവക പരിശ്രമത്തിൽ വിജയം സിദ്ധിക്കുക സാധാരണമല്ല ഈ ഖണ്ഡകാവ്യത്തിലാമൂലാഗ്രം മഞ്ജരി വൃത്തമുപയോഗിക്കാതെ കേക, കാകളി മുതലായ വൃത്തവിശേഷങ്ങൾ ഔചിത്യം പോലെ മാറി മാറി പ്രയോഗിച്ചിരുന്നെങ്കിലുണ്ടാകുമായിരുന്ന ഭംഗിയൊന്നു വേറെതന്നെയാണു്.

ശ്രീമാൻ നാരായണപിള്ളയും "കളാമൃതമുദ്രസ്പന്ദ"ത്തോടെ ഇപ്പോൾ നമ്മെ സമീപിക്കുന്ന ഈ "ഓമന"യും സർവ്വഭാവുകങ്ങളുമാശംസിച്ചുകൊണ്ടു് ലാളനപാലനകൾക്കായി ഈ കാവ്യാംഗനയെ സഹൃദയ സമക്ഷം സാദരം അവതരിപ്പിച്ചുകൊള്ളുന്നു.

സെൻറ് പീറേറഴ്സ്
ഇ. എച്ച്. എസ്. - ഇലഞ്ഞി (ഒപ്പ്)
3 — 7 — '49.

റവ. ഫാ ഡാ. ഏബ്രഹാം വടക്കേൽ
B. A., Ph. D. D. D.

# പ്രസ്താവന.

റവ: ഫാദർ മാത്യു വെള്ളാപ്പാട്ട് അവർകറം വിശുദ്ധ ഫിലോമിനയുടെ ജീവചരിത്രം അയച്ചുതന്ന് എന്നെ ഈ ഖണ്ഡകാവ്യം എഴുതാൻ പ്രേരിപ്പിച്ചു. ബഹുമാന്യ മിത്രത്തിൻെറ ആത്മാത്ഥതനിറഞ്ഞ ഈ പ്രേരണയും ആദ്യന്തം ആകഷ്ണീയതചാം തിളങ്ങുന്ന കഥയും എൻെറ ശേഷിക്കുറവിനെ ജയിച്ചുനിന്നു. തൽഫലമായി ഈ കൃതി ഇങ്ങനെ രൂപമെടുത്തു. പ്രേരകനായ മാന്യമിത്രത്തോടുള്ള കൃതജ്ഞത പ്രദശിപ്പിക്കുന്നതിന് ഈ അവസരം ഞാൻ സാദരം ഉപയോഗിച്ചുകൊള്ളുന്നു.

റവ: ഫാ. ഡാക്ടർ ഏബ്രഹാം വടക്കേൽ അവകറം ബി എ, പി എച്ച്. ഡി. ഡി. ഡി. അവതരിപ്പിക്കാൻ കനിഞ്ഞതു് ഈ കൃതിക്കു ഒരു അനുഗ്രഹമാണെന്നുതന്നെ ഞാൻ വിശചസിക്കുന്നു. കൃത്യാന്തരബഹുലതയ്ക്കിടയിൽ ഇത്രത്തോളം വിജ്ഞാനസമ്പൂണ്ണമായ ഒരു പ്രബന്ധത്തോടെ കൃത്യം സാധിച്ച പണ്ഡിതാഗ്രേസരൻെറ സാഹിത്യഭക്തി പ്രശംസനീയം തന്നെ. പ്രഥമദൎശനത്തിൽ തന്നെ നിഷ്കളങ്കഭക്തി ഹൃദയത്തിൽ കുരുമുളകൊണ്ടു് ഉയരത്തക്കവിധം ഈ മഹാൻെറ വ്യക്തിമാഹാത്മ്യം എൻെറ മാനസികശക്തികളെ ആവരണം ചെയ്തു് ആശ്ലേഷിച്ചു. ഈ ഭക്തികുസുമങ്ങറം കൃതജ്ഞതയോടെ അച്ചനു ചെയ്യുന്നതിൽ കവിഞ്ഞു് ഈ സാഹിത്യകേസരിയുടെ മഹാമനസ്കതയെ ആരാധിക്കുവാൻ നിസ്സാരനായ

എനിക്ക് സാദ്ധ്യമല്ല. ത്യാഗസമ്പന്നനായ ആചാര്യവര്യൻ ഇതുകൊണ്ടു സംതൃപ്തനാകുമെന്നു വിശ്വസിക്കുന്നു.

ഈ കൃതി അതാതു കാലത്തു പരിശോധിച്ച് വേണ്ട ഉപദേശങ്ങൾ തന്ന് എന്നെ സർവ്വാത്മനാ സഹായിച്ചിട്ടുള്ള ശ്രീമാന്മാർ ആർ. ഗോവിന്ദപ്പിള്ള അവർകൾ B. A., L. T. (കിടങ്ങൂർ N. S. S. ഇംഗ്ലീഷ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ) റവ: ഫാദർ മാണി സബാസ്റ്റ്യൻ വയലിൽ കളപ്പുരയിൽ അവർകൾ B. A., L. T. (പാലാ സെൻറ് തോമസ്സ് ട്രെയിനിംഗ സ്കൂൾ ഹെഡ്മാസ്റ്റർ) വി. എസ്സ്. രാമൻപിള്ള അവർകൾ (റിട്ടയാർഡ് സ്കൂൾ സബ്ബ് ഇൻസ്പെക്റ്റർ) കെ. ഇ. കൃഷ്ണൻ നായർ അവർകൾ (ടീച്ചർ) തുടങ്ങിയ മഹത്തുക്കളോട് എനിക്കുള്ള അകൈതവമായ കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

സാഹിത്യാരാധകനും ഫിലോമിനാഭക്തനുമായ ശ്രീ. കെ. ററി അബ്രഹം അവർകൾ സ്നേഹിതനോടുകൂടി ഇതിൻെറ പ്രസാധകത്വം സ്വീകരിപ്പാൻ ഇടയായത് തെളിയാതെ കിടന്ന ഏതോ ആത്മീയ ബന്ധത്തിന്റെ യാദൃശ്ചികമായ പ്രസ്ഫുരണം മാത്രമായിരുന്നു. ഇവരുടെ ഭക്തിനിർഭരമായ വൈചിത്ര്യമനോഭാവത്തെ അർഹിക്കുന്ന കൃതജ്ഞതയോടെ ഇവിടെ രേഖപ്പെടുത്തുന്നതിൽ അളവററ സന്തോഷമുണ്ട്.

ഇതിൻെറ മുദ്രണം ഇത്രഭംഗിയായി സാധിച്ചുതന്നതിൽ പാലാ സെൻറ് ജോസഫ്സ് പ്രസ്സ് മാനേജർ ശ്രീ. പുന്നൂസ് അവർകളും സഹപ്രവർത്തകരും പ്രദർശി

പ്പിച്ചിട്ടുള്ള ക്ഷമയും വൈദഗ്ദ്ധ്യവും പ്രശംസ അർഹിക്കുന്നവതന്നെ. പ്രസ്തുത സ്ഥാപനത്തിൻെറ ഭാസുര ഭാവിയിൽ ആഹ്ലാദിച്ചുകൊണ്ടു് തൽപ്രവത്തകന്മാരോടുള്ള കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു.

സഹൃദയലോകം ഈ "കാവ്യാംഗന"യ്ക്കു് സ്വീകരണം അരുളി വിനീതനായ ഗ്രന്ഥകാരൻെറ ശ്രമം സഫലമാക്കിത്തീക്കട്ടെ!

പാലാ,
1—1—1125.

ഗ്രന്ഥകത്താ.

# ഫിലോമിന.

അഥവാ

# ഓമന.

---

## I

ആകാശമങ്ങോളംതാണ്ടിയസൂര്യനെ
സ്വീകരിച്ചീടുന്നവാരുണിയാൾ
അങ്കത്തിൽചേർക്കുന്ന വീശിത്തുടയ്ക്കുന്ന
കുങ്കുമംപൂശിമിനുക്കീടുന്ന
കൊള്ളാമീരത്നമെന്നർണ്ണവം കൈപൊക്കി
പൊള്ളിപ്പുളഞ്ഞുടൻ പിൻവലിച്ചു.
ദൂരേക്കരയിലേയ്ക്കായേതോ സന്ദേശം
വാരിധിതങ്കയ്യിലേകിസൂര്യൻ.
ഊർമ്മികൾതീരത്തിൽ ഫേനലിപികളിൽ
വെണ്മണൽത്തിട്ടിൽ കുറിച്ചീദൗത്യം.
ഏറേറെവർഷങ്ങളായന്നീ സായാഹ്നം
കാറെന്യേകാണായി—"റോം പുരിയിൽ"

2

അപ്പുരിമദ്ധ്യത്തിൽ വാനിലേയ്ക്കോറാൻവെൺ
കല്ലുടപോലതാരാജസൗധം,

സാമ്രാജ്യച്ചെങ്കോൽതൻകൈത്തഴമ്പേകിയ
കമ്രപരിഷ്കാരം ചേൎന്നകാണ്മൂ.
ഹൃദ്യമാമായതിൻ മേലേനിലയില്ലേ
വിദ്യോതവിസ്തൃത ഹാളിലൊന്നിൽ,
ഭീതിയാൽമന്ദമായ് നിശ്ശബ്ദസഞ്ചാരം.
വാതകംസാധിക്കും ജന്നാലികൾ,
താരങ്ങളോരോന്നാടത്തിപ്പതിച്ചപോൽ
ചാരുരത്നോജ്ജ്വലപീഠമൊന്നിൽ,
സമ്പൂൎണ്ണശ്രീയെഴുമുദ്യാനലക്ഷ്മിയെ
സാമ്പ്രതംസസ്മിതംനോക്കി നോക്കി,
കൈത്തണ്ടിൽശോഭിക്കുംചെമ്പകസൂനത്തിൻ
ചിത്രദലങ്ങളെ ച്ചിക്കിച്ചിക്കി;
നിസ്സാരമേതുമീയെൻ മുമ്പിലെന്നുള്ള
നിസ്സീമഗൎവ്വത്തിൽ മുങ്ങി മുങ്ങി;
ആനന്ദമായിരുന്നാശ്വാസംകൊള്ളുന്നു
മാനിതൻരാജേന്ദ്രൻ—"ഡീയോക്ലീഷ്യൻ"

3

ചെണ്ണാൎന്നോരുദ്യാന വിശ്രമവേദിയിൽ
കാണായപ്പോളൊരുതേജഃപുഞ്ജം.
ജന്നാലിൻ ചാരത്തണഞ്ഞതുസൂക്ഷിച്ച
മന്നവൻതൂണുപോൽ വെമ്പിനിന്നു

4

വാരുററചെങ്കതിർവീശി വിഭാവസു
പാരിടമാകെമിന്നുക്കിടുമ്പോഴും—;

പുഞ്ചിരിതൂകിയപൂമൊട്ടുപുൽകുവാൻ
കൊഞ്ചിമധുപമണഞ്ഞിടുമ്പോൾ—;
സാഗരവായുതൻ ശാന്തമനോഹര-
സ്സ്വാഗതംലോകത്തിന്നേകിടുമ്പോൾ,
മെച്ചമാമുദ്യാനംപൂമ്പുള്ളിചാർത്തിയ
പച്ചപ്പട്ടാടയുലച്ചിടുമ്പോൾ,
ആനന്ദനിർവൃതിവീശുമീശോഭയാൽ
മാനിതംപൂവനംദർശനീയം!!

5

ഏണാങ്കബിംബമീമേടതൻസ്തൂപിക
ക്ഷോണിതൻവിഭ്രമവേളയിങ്കൽ
തട്ടിത്തെറിപ്പിച്ചതിങ്ങുപതിച്ചുവോ
പൊട്ടിത്തകരാഞ്ഞതെത്രഭാഗ്യം—?
അല്ലല്ല—സൂര്യൻെറ ചെങ്കതിർവീശുമ്പോ-
ളില്ലല്ലോചന്ദ്രനീദീപ്തിപൂരം.
കൂടാതെമദ്ധ്യത്തിൽമിന്നുമടയാളം
നീട്ടററചെങ്കാന്തിചിന്തിനില്പൂ.
കാർമേഘംപിൻഭാഗത്താണിഹ—നിത്യമായ്
കാണ്മതുമന്നിലാം ചന്ദ്രനെങ്കിൽ.

6

ദിവ്യപ്രഭാവംവിളങ്ങിടുമുദ്യാനേ
സുവ്യക്തസൌന്ദര്യസാരകേന്ദ്രം

സ്വൈരംവസിപ്പോരുതയ്യലാൾതന്മുഖ
ചാരുവിലാസംതാൻശോഭവീശി!!
ആരാവാംപെൺകൊടിലീലാവിലാസിനി
നീരദനീലസ്നിഗ്ദ്ധകേശിനിയാൾ—?

7

ശാന്തിപുലർത്തുവാൻസ്നേഹംവിതയ്ക്കുവാൻ
സാന്ത്വനമേകുവാൻക്രിസ്തുരാജൻ;!!
കാലിത്തൊഴുത്തൊന്നിലുത്ഭവിച്ചാർത്തരെ-
പ്പാലിച്ചു—കാരുണ്യംവീശിയെങ്ങും!!
ആത്മീയസാമ്രാജ്യസ്ഥാപനാനന്തരം
ചിന്മയൻതാതനിൽച്ചേർന്നശേഷം,
ഈശന്റെയിംഗിതംപ്രേഷിതശിഷ്യന്മാ-
രാശാനുക്രമമുണർത്തിയെങ്ങും

8

സ്വാർത്ഥരായ്ലോകത്തെച്ചൂഷണംചെയ്യുററം
അർത്ഥവുംസൗഖ്യവുംനേടിനിന്നോർ,
സാമ്രാജ്യനാഥരുമാചാര്യവർഗ്ഗവും
നിർമ്മൂലംധ്വംസിക്കാൻക്രിസ്തുമാർഗ്ഗം,
പ്രേഷിതവർഗ്ഗത്തെ നായാടിനാലോളം
വർഷശതമവർവാശിയോടും.
പ്രേഷിതവേട്ടയിലീശന്റെസമ്പൂജ്യ,
ശിഷ്യന്മാർധീരരായ്ചോരചിന്തി:

## 9

സാമ്രാജ്യശക്തിതൻദീപ്തിയിലക്കാലം
റോമൻകിരീടംതാൻ പൊന്തിനിന്നു.

പത്തുണ്ടായുഗ്രമാം ക്രിസ്ത്യാനിമർദ്ദനം
പ്രസ്തുതശക്തിതൻസാന്നിദ്ധ്യത്തിൽ.

ആത്മീയചൈതന്യമേറെനാൾ ശക്തമാം
സാമ്രാജ്യച്ചെങ്കോലിൻ താഡനങ്ങൾ

ഏറെറന്നാൽ — ചുററുംതഴച്ചുതുവ്യാപിച്ചു
പററലരൊന്നൊന്നായ് വീണടിഞ്ഞു !!

ക്രിസ്ത്യാനിമർദ്ദകർ സാമ്രാജ്യനാഥരിൽ
നിസ്തുലൻനിർദ്ദയൻ —ഡീയോക്ലിഷ്യൻ!!

ക്രിസ്തുമതത്തെ നിർമ്മൂലംനശിപ്പിക്കാൻ
പ്രത്യേകംയത്നിച്ചീചക്രവർത്തി.

## 10

അക്കാലംഗ്രീസ്സമീസാമ്രാജ്യസീമയിൽ
ഉൾക്കൊണ്ടസാമന്തരാജ്യമത്രെ.

അന്നാത്തെമന്നവൻശ്രീമാൻ“കലിസ്റ്റോസി-”
നിന്നുംബഹുമതിതന്നൊപാരിൽ.

സന്താനമില്ലാഞ്ഞു സന്തപ്തമാനസൻ
എന്തിനിവേണ്ടെന്നു ചിന്തിക്കവെ.

വന്നവിദേശിയാം വൈദ്യൻെറപ്രേരണ
മന്നനെക്രിസ്തു വിശ്വാസിയാക്കി.

## 11

ക്രിസ്തുവിൻകാരുണ്യംകൊണ്ടുടൻഭൂപന്നു
പുത്രിജനിച്ചതിവിസ്മയാംഗി!!

നാമം—"ഫിലോമിന"—എന്നവൾക്കേകിനാൻ
ഭാമിനിതന്മനംപോലെമന്നൻ
ലാവണ്യധോരണിയെമ്പാടുംവീശിയ-
ക്കാർവേണിസൽഗുണശ്രേണി ചന്നോൾ
"ഓമന"—എന്നും പുകഴ്ന്നിതുപേരവൾ-
ക്കാമോദം ഗ്രീസ്സിലുയർന്നിന്നു!
ശൈശവംമായാത്തകാലംമുതൽക്കവൾ
യേശുവിൽവിശ്വാസഭക്തിക്കൂറി.

**12**

റോമിൽനടക്കുന്നോരുത്സവകാര്യമായ്
സാമന്തന്മാരെക്ഷണിച്ചിരുന്നു.
മന്നൻകലിസ്റ്റോസ്സുംതക്കസമയത്തിൽ
വന്നുകുഡുംബസഹിതനായി.
താരുണ്യവാതലിൽകാൽവച്ചുനിൽക്കുന്ന
ചാരുതരാംഗി ഫിലോമിനതാൻ
രാജകീയോദ്യാനംതന്നിൽനാം കാണുന്നു
രാജീവരാജിതലോചനയാൾ.

**13**

സമ്രാട്ടുനോക്കിനിന്നാനന്ദംക്രൂരവെ-
യോമനപൂവനംവിട്ടുപോയി.
ചന്ദ്രികമൂടിയപോലെയുപവന
സൗന്ദര്യസാന്ദ്രതതീരെമാഞ്ഞു.
ധാർമ്മികവിപ്ലവക്കൊമ്പത്തിലങ്ങനെ
ചെമ്മെവഴിത്തിരിച്ചെത്തിണക്കി.!!

**14**

സ്പന്ദനംനിന്നപോൽചൈതന്യമററപോൽ
മന്ദനായ്നിന്നുപോയ് രാജരാജൻ:
ദീർഘനിശ്വാസപരമ്പരസൃഷ്ടിച്ചു
ദുർഘടമാനസപൂർണ്ണലക്ഷ്യം
കാമാന്ധൻചെയ്തോരുനിശ്ചയംനിശ്വാസം
സാമാന്യമായിപ്പരസ്യമാക്കി

**15**

പെട്ടെന്നിരുന്നുമണിയടിച്ചദ്ദേഹം
സാഷ്ടാംഗംകുമ്പിട്ടഭൃത്യനോടായ്,
പേരൊന്നുരച്ചുടൻ—ഭൃത്യൻമറഞ്ഞങ്ങോ
സാരമാംയന്ത്രപ്രവർത്തനംപോൽ
അല്പംകഴിഞ്ഞു—"ഗേലറിയോസ്സ്"നാവൻ
കല്പനകാത്തങ്ങുവന്നുനിന്നു.

**16**

"സുന്ദരിപൂവനംതന്നിലിതേവരെ
നിന്നവളാരെന്നറിഞ്ഞിടേണം
മാനിനിമൗലിതൻ സവ്വൃത്താന്തവു-
മന്യൂനമന്വേഷിച്ചെത്തിടേണം."

**17**

കല്പനതീർന്നുടൻ—ഭൃത്യൻമറഞ്ഞപ്പോ-
ളല്പംവിചാരിച്ചിരുന്നു രാജൻ.
ഭാവനചെയ്കയായ്—സ്വർഗ്ഗമൊന്നായതിൻ
ദ്യോവിലുരുമ്മിനിന്നേകസൗധം.

ക്രമേലെന്നിലയിലേ പൂവണിമച്ചക-
ത്താലോലഗാത്രിയുമായിമന്നൻ.
ലീലാവിലാസവിലോലുപനായേറെ-
ക്കാലംസുഖിക്കും വിവിധരംഗം
വെള്ളിത്തിരയിലേ ചിത്രങ്ങളെന്നപോ-
ലുള്ളിൽത്തെളിഞ്ഞുടൻ മാഞ്ഞുസർവ്വം.
കാമലാഭാദിയാൽ രാജേന്ദ്രസ്ഥാനികരം
കോമരംതുള്ളിയാൽ എന്തുചെയ്യും-?

**18**

ആശംസിൻകീർത്തികാപാതിയെന്നായടാൻ
പാശംവിരിച്ചിരവച്ചുസ്വാർത്ഥം!
മൂഢമഹങ്കാരപ്പച്ചമരയ്ക്കുള്ളിൽ
ഒററാനിരിക്കുന്നതോക്കരാജൻ—!

# II

**19**

മാമലയേഴിൻെറ സ്തൂപികയെന്നപോൽ
തുമത്തുളുമ്പുന്ന റോം പുരിയിൽ.
സമ്രാട്ടുമാണിച്ചു നിർദ്ദ്രശംചെയ്തൊരു
കാമ്യമനോഹരമാളികയിൽ,
നന്നായലങ്കരിച്ചുള്ളോരകത്തതാ
മന്നൻകലിസ്റ്റാസിരുന്നീടുന്നു.

സാരമായ് രാജ്ഞിയോടേതോപറയുന്നു
നേരമൊന്നല്ലിന്റെ ആദ്യയാമം.
ഓമനവന്നപ്പോൾ മാതാവിൻപീഠത്തിൽ,
പ്രേമവിചേഷ്ടയായ് ചാരിനിന്നു.

**20**

രാത്രീശൻജന്നലിൽക്കൂടിയാരംഗത്തേ-
യ്ക്കുൾത്രാസപൂർവ്വമൊന്നെത്തിനോക്കി.
മാർത്താണ്ഡതുല്യംവിളങ്ങിയറാന്തലിൻ
ദീപ്തിയുമോമലാൾകാന്തിവായ്പും.
ചേണാന്നുയോജിച്ചുമിന്നിത്തെളികയാൽ
നാണിച്ചുപിൻവാങ്ങിയോഷധീശൻ.
അഭ്രവസനങ്ങൾവാരിപ്പുതച്ചവൻ
വിഭ്രമപൂർവ്വമൊളിച്ചുവാനിൽ.
സൂത്രത്തിൽനോക്കിട്ടുംഭൂയോപിതാരേശൻ
വിത്രസ്തൻ വീണ്ടുമൊളിച്ചുകൊള്ളും.
മദ്ധ്യധരണ്യാഴിരാത്രീശനേർപ്പെട്ട
ബുദ്ധിമുട്ടേതാനുംബോധിക്കയാൽ.
ശീകരസങ്കരവാതവിശേഷത്തെ
പോകാൻനിയോഗിച്ചാമാളികയിൽ.
കാററൊന്നൊരുങ്ങിയാറാന്തലിൻദീപത്തെ
ചുററിയടിച്ചങ്ങുലച്ചുവീശി.
ഓമനതന്മുഖകാന്തിസരിത്തിലെ
ഊർമ്മികൾതന്നിലിട്ടീപനാളം.

ആന്ദോലനക്രീഡസാമ്പ്രതംസാധിച്ചു
സാന്ദ്രതരദ്യുതിവീശിനിന്നു.

21

സുന്ദരസുസ്മിതനപ്പോഠംകലിസ്സോസും
ചൊന്നിദമാനന്ദദീപ്തനേത്രൻ.
"ഓമനേ! വാത്സല്യധാമമേ! ഭാഗ്യത്തിൻ
സീമയിൽനാമിതാവന്നുചേൎന്നു.
ക്രിസ്തുവിൻകാരുണ്യംകൊണ്ടുനീപുത്രിയായ്
ദത്തമായ്‌വിണ്ണിലെവാഴ്ച്ചമന്നിൽ.
താവകഭാവിയുമീശൻതാൻ പാവന
ഭാവുകമാക്കുവാൻ ഭാവമായി.
സാമ്രാജ്യനായകൻ വേഠംക്കാൻകൊതിക്കുന്നു
നിൎമ്മലനിന്നെ നീ ഓൎക്കഭാഗ്യം—!!
അമ്മയ്ക്കുംസമ്മതംതന്നെയീക്കല്യാണം
നിന്മനംപോലിനിക്കാൎയ്യസാദ്ധ്യം.
സമ്രാട്ടിന്നല്പമോരപ്രിയമുള്ളതു
നിൎമ്മൂലംനീങ്ങുമീവേഴ്ച്ചമൂലം.
നമ്മോടെതിൎക്കുവാൻകോപ്പുകഠംകൂട്ടുന്നോർ
നിൎമ്മലേനിൎമ്മായംകീഴടങ്ങും
സാമ്രാജ്യച്ചെങ്കോൽതിരിഞ്ഞിടുംതാവക
സമ്മതാഭിപ്രായമൊത്തുമേലിൽ.
ആവോളമാലോചിച്ചുത്തരമോതണം
ഭാവിതൻഭാവുകഭാവമെല്ലാം.—"

22

ഇത്രയുംചൊന്നിട്ടുഭാവമറിയുവാൻ
പുത്രിയെസസ്മിതം നോക്കിരാജൻ.
രാപ്പക്ഷിമൂളിപ്പറന്നുകടന്നുപോയ്
അല്പംകരുത്തോടേ കാററുവീശി.!!

23

കന്യകതന്നുടെ ഭാവം ഹാ—! മാറുന്നു
മിന്നുന്നകൺകോണിൽ ദിവ്യദീപ്തി.
കണ്ണീർക്കണങ്ങളുയന്നുതെരുതെരെ-
യെണ്ണമില്ലാതവ വീണുടഞ്ഞു!
ദീപംനിഴലിച്ചീബിന്ദുക്കൾ പാഞ്ഞുപോ-
യാപത്തുണത്തീട്ടമുൽക്കപോലെ.
ഗദ് ഗദലക്ഷണംകാണായിശ്വാസത്തിൽ
മാർഗ്ഗംതടഞ്ഞുപോയ്ശബ്ദത്തിനും.
വേപഥുപൂണ്ടു ശരീരംവിയക്കയായ്
താപഭരാകുല ചൊല്ലിയേവം.

24

"കന്യകയായിത്താൻ ക്രിസ്തുഭഗവാനെ-
യന്യൂനംപൂജിപ്പൻഎന്നുമുന്നേ.
നിങ്ങൾസമക്ഷംഞാൻനിശ്ചയിച്ചീലയോ
സംഗതിയെന്തതുവിസ്മരിപ്പാൻ—?
രാജേന്ദ്രമൗലിയിൽമിന്നുംകിരീടത്തിൽ
രാജിക്കുംരത്നാഭക്കുതെന്നാഴക്കിൽ.

മുങ്ങിമരിച്ചുവോ ലോകേശഭക്തിയാം
അംഗനമംഗളംവീശിനിന്നോൾ—?
ആത്മത്രാണാത്ഥംജനിച്ചൊരാത്തമ്പുരാൻ
ക്രിസ്തുവെന്നാത്മീയചക്രവത്തി.
യേശുവിൻപൂജയൊഴിഞ്ഞൊന്നുമാശിപ്പാ-
നാശയെതോന്നുന്നീലെന്തുചെയ്യാം.—?
ചെങ്കോലിൽകാണാത്തദൈവികചൈതന്യം
ഞാൻകണ്ടുസാധുതന്നുന്നകമ്പിൻ.
സാമ്രാജ്യഭണ്ഡാരംതന്നിൽഞാൻകാണാത്ത
കാമ്യമമൂല്യമാംപുണ്യരത്നം,
തെണ്ടുന്നോർനീട്ടിടും ചട്ടിയിൽകാണുന്നു
വേണ്ടതിവയ്ക്കീശ ഭക്തിമാത്രം.
ക്രിസ്തുവിൻചിന്തയാൽ മുററിയമാനസം.
വാസ്തവംവീതിക്ക സാദ്ധ്യമല്ല.
കല്യാണകാര്യമെൻ ജീവിതാദ്ധ്യായത്തി-
ലില്ലെന്നുതീച്ചയായ് ചൊല്ലിടുന്നോൻ."

**25**

ഏവംപറഞ്ഞവൾ സാദരംപിൻവാങ്ങി-
ക്കേവലമേകാന്തേചെന്നിരുന്നു.
ലോകൈകനായകൻ പാദങ്ങൾചിന്തിച്ചു
ശോകനിവാരണം ചെയ്‌വതിന്നായ്.
കലിസ്റ്റോസാനനം താഴ്ത്തിയിരിക്കുന്നു
മേലിൽഭവിപ്പതു ചിന്തിക്കുന്നു.

## 26

ഈച്ചെണ്ടിൽ ചേറടിഞ്ഞീടുകയില്ലിതു
നിശ്ചയംനിന്മകൾ ഭക്തയത്രെ!
സാരചരിത്രസ്ത്രീസംഗതിഭാവിയിൽ
ചാരുസൽക്കീർത്തികൾ വീശിനിൽക്കും.

## 27

പൂവാടിതന്നിലാമല്ലയിൽ സോല്ലാസം
മേവിയപച്ചക്കിളിയെക്രൂരൻ
കൊത്തിപ്പറന്നപ്പോൾ തത്തിപ്പിടച്ചതു
കൃത്തനഖത്തിൽ നിന്നുൻവീണു
നൃത്തമൊന്നാടിയാമാനിനി ചൊന്നതിൽ
ആത്തകുതൂഹലം ദീപനാളം

## 28

മന്നനെഴുന്നേററുജന്നലിൽ നോക്കിനി-
ന്നന്യൂനഭാസ്സെഴും പൂവനത്തെ.
നോക്കിനിൽക്കുംപൊഴുതു ഭ്രാന്തഃപ്രചലിതൻ
സൽക്കരിച്ചീടിനാൻ മന്ദവായു.

## 29

നാഥൻെറവൈവശ്യം കണ്ടുടൻസാദരം
പാഥോജനേർമിഴി രാജ്ഞിയപ്പോൾ.
പ്രാണേശസങ്കാശം പ്രാപിച്ചുതയ്യലാൾ
പാണിപിന്തോളിൽ വച്ചേവമോതി.
"പുത്രിയ്ക്കഭിമതമങ്ങിനെയാണെങ്കി-
ലത്രനാംസമ്മതം നൽകയത്രെ.

ഉത്തമമെന്നാതെൻപക്ഷം ഭവാനിതി
ലത്തല്ലെട്ടന്നതിലത്ഥമില്ല.
ക്രിസ്തുവിൻകയ്യിലേയ്യോമനതന്നെറനാം
സത്യമായർപ്പിക്കയത്രേവേണ്ടൂ--"

30

മന്നൻതിരിഞ്ഞുടൻനിശ്വാസപൂർവ്വകം
തന്നംഗിയോടിദം ചൊല്ലിമന്ദം.
"ദൈവത്തിന്റോമനപ്പുത്രിയാംമാമന-
യ്ക്കാവശ്യമില്ലത്രേ—ലോകഭോഗം.
ഭാവിയുംയേശുവിൻകയ്യിൽ നാമർപ്പിച്ചി-
ട്ടാവതുംഭക്തരായ് വാഴ്കതന്നെ"

31

ഭക്തിയാംകല്പകവല്ലിയിൽ മൊട്ടിട്ടു
വ്യക്തംവികസിച്ച ദിവ്യസൂനം
സൽസ്ഥാനത്തർപ്പിച്ചു-ലൗകികമഗ്നനായ്
സ്വസ്ഥനല്ലാതിരുന്നെങ്കിലുംനീ.

32

പിന്നെവിവരമായ് കത്തൊന്നുനിർമ്മിച്ചു
മന്നവൻരാജേന്ദ്രന്നങ്ങയച്ചു.
വാർത്തയറിഞ്ഞപ്പോൾ സാമ്രാജ്യാധീശ്വരൻ
മൂത്തമാംകോപമായ് തീർന്നുതീവ്രം.
അക്ഷിചുവക്കുന്നു-നെററിചുളുങ്ങുന്നു
രൂക്ഷമായ് ചുററിനും നോക്കിടുന്നു.

**33**

സമ്രാട്ടിൻതാമസ ചിത്തം പ്രസവിച്ച
ദുർമ്മൂർത്തിപോലേകൻ നിന്നവിടെ.
ക്രിസ്തീയമർദ്ദനമാകും നരകത്തിൻ
പ്രത്യക്ഷസന്താനം-സൈന്യനാഥൻ
ഗാംഭീര്യമേറും-ഗലേറിയോസ്-ഭീകര
ദംഭോളിതുല്യനാം കിങ്കരേന്ദ്രൻ!
സർവ്വസംഹാരിയെക്കണ്ടപ്പോൾ രാജന്റെ
ദുർവ്വാരരോഷാഗ്നിയാളിക്കത്തി!
ദുർമ്മുഖൻസേനാനി തന്നോടുരയ്ക്കയായ്
ധൂമ്രാക്ഷിവിക്ഷേപിച്ചേവമപ്പോൾ.

**34**

"ലോകൈകമാന്യനാം നമ്മോടധികാരം
സൽക്കാരാഹങ്കാര വ്യാമോഹത്താൽ.
നിസ്സാരനീമന്നൻ ചെയ്തതുഃകവലം
ദുസ്സഹാതാനിതു ശിക്ഷണീയം
നാകത്തിൻസൗന്ദര്യം വാർത്തിങ്ങെറിഞ്ഞവ-
ളാകിലും-എന്നെയോ ധിക്കരിച്ചു—?
ലോകമറിയാത്ത പെൺകുട്ടിയൊന്നതു
സാക്രുതംമാനിക്കും ഭൂപഭോഷൻ.
വാത്സല്യവായ്പിനാൽ പുത്രിയെവല്ലാത്ത
ദുസ്സ്വഭാവത്തിന്റെ ചെല്ലമാക്കി.
കുഞ്ചിതാളകതന്നാശവിരിക്കുന്ന
പൊൻചിറകിന്നു ഞാൻവെട്ടിവീഴ്ത്തും.

“നേരിട്ടെനിക്കു സംസാരിക്കാൻതക്കപോ-
ലാരാലയസ്ഥ—ഫിലോമിനയെ.”
എന്നാനുചരനോടു ചൊന്നരച്ചീടുക
നന്നായ്‌വരുത്തുക നീയവളെ—”

35

ഏവംവിരമിച്ചു—രാജേന്ദ്രനപ്പോഴേ
സേവകൻസേനാനി നിർഗ്ഗമിച്ചു
ശക്തൻറയിഷ്ടം പോൽനിൽക്കുന്നനീതിയും
വ്യക്തമീ ധിക്കാരം കണ്ടുവെമ്പി!!
ശോകാന്തനാടക നാന്ദിപോലബ്ധിയൊ-
ന്നാകെയുലഞ്ഞുടൻ നീണ്ടലറി!!
പത്താംകരിവര സാമ്രാജ്യത്തിൻകോലി-
ലത്തട്ടിൽവീണതു കണ്ടീലാരും!!

# III.

36

ഏററംപരിഷ്കൃതമാകുമലങ്കാര-
മേററിയരമനയ്ക്കാത്തമദ്ധ്യേ.
വിസ്തൃതവിദ്യോതമാം മണിമച്ചക-
ത്തസ്തമിച്ചല്പം കഴിഞ്ഞനേരം.

രാജോചിതാഡംബരാന്വിതൻശോഭിപ്പൂ
രാജേന്ദ്രൻരത്നസിംഹാസനത്തിൽ.
ഏററംചുരുങ്ങും പരിജനസേവിതൻ
മുററുംപ്രതാപത്താൽ ഭാസ്വമാനൻ.
ഉള്ളിൽതിളയ്ക്കുന്ന മാദകദ്രവ്യത്തിൻ
തള്ളിയിറങ്ങുന്ന രൂക്ഷഗന്ധം,
വാരിവിഴുങ്ങുന്ന വാസനദ്രവ്യത്തിൻ
പാരംപരന്നൊരു വീര്യവീചി,
തുള്ളിക്കളിയ്ക്കുന്ന വായുവിൽമുങ്ങിയു-
മുള്ളംതുടിപ്പുതടക്കിക്കൊണ്ടും.
ആശയകമ്പടിസേവിക്കും നോട്ടങ്ങൾ
നിശ്വാസവാജിയിൽ വാതർവഴി,
ഓടിച്ചുഭ്രയോപിതോററു മുഷികയും
മോടിയുടനടൻ കൂട്ടുകയും.

37

പിമ്പിൽകരങ്ങളെബന്ധിച്ചുലാത്തിയും
സാമ്പ്രതംവാതലിൽ നോക്കിനിന്നും.
വീണ്ടുമിരിക്കയും കണ്ണാടിനോക്കീട്ടു
വേണ്ടമിനുക്കുകൾ ചെയ്യുകയും.
ഒട്ടുപ്രതീക്ഷയിലൊട്ടു നിരാശയിൽ
പെട്ടിദംരാജേന്ദ്രൻ വാണിടുമ്പോൾ

38

മിന്നിവിചിത്രമാം ശോഭയൊന്നാസ്ഥല-
ത്തുന്നിദ്രശ്രദ്ധനായ് രാജരാജൻ

വീശിയദീപ്തിതൻ കേന്ദ്രത്തിൽ രാജിക്കും
പേശലഗാത്രി ഫിർദലാമിനയും
ആജ്ഞയാൽ വന്നതാനിൽക്കന്നിതാപത്തിൻ
വിജ്ഞപ്തിപോലെയീ ഭൂപൻമുമ്പിൽ.
ലൗകികദൈവിക ശക്തിപരസ്പരം
നോക്കിനിന്നീടാന്ന് മൗനമോടെ.
ചിന്തയ്ക്കുമെത്താൻ വിഷമമായ് ദിവ്യമാം
കാന്തികണ്ടദ്ദേഹമമ്പരന്നു,
സജ്ജീകരിച്ച പരിപാടിമാഞ്ഞുപോയ്
നിർജ്ജീവരൂപംപോൽ രാജൻനിന്നു.
ഒന്നിനൊന്നേറുന്ന കാന്തിയെനോക്കയായ്
സന്ദേഹിച്ചീടിനാൻ സ്വപ്നമെന്നായ്.
ശാസ്ത്രീയശൃംഗാരസജ്ജീകരണങ്ങൾ
നിസ്തുലദൈവിക ദീപ്തിതന്നിൽ
വെന്തുപോയ്—ഭൂപൻവിരൂപനെന്നോക്കയായ്
ചിന്തിച്ചുസൗന്ദര്യം തൂത്തുക്കൂട്ടാൻ.

39

ലേശമിടത്തേയ്ക്കായാനനംവെട്ടിച്ചു
മീശമുറുക്കി — മിനുക്കിയാസ്യം.
ഹാരംകുടഞ്ഞിട്ടുശൃംഗാരബിന്ദുക്കൾ
ചേരുംനിരീക്ഷണമാലതീർത്തു

40

ഇങ്ങനെസാമ്രാജ്യനാഥൻകരങ്ങളമ്പോൾ
മങ്ങുംമനസ്സോടത്തന്നേനിന്നു.

"ക്രിസ്തീയവൈരികൾതന്നുടെനാശത്തിൻ
ശസ്ത്രമായ്വന്നൊരുമാനിനിനീ
പോർത്തുടങ്ങീടുക-ഓമനേവേഗ"മെ-
ന്നോതിപോലന്തക്കരണമപ്പോൾ.

41

വശ്യതവായ്ക്കുന്നവാണികളാരാഞ്ഞു
ആശയസംസ്കാരംചേർത്തിണക്കി.
കാരുണ്യംതൂകുന്നഭാവംവിനയവും
ചേരുംവിധത്തിലുരച്ചുരാജൻ
"മാനവമാനിനിമാരെല്ലാംകാമിക്കും
സ്ഥാനമധീനംനിനക്കുഭാഗ്യം!
റോമൻകിരീടത്തിൻശോഭനിൻപാർശ്വമായ്
കാമിനിമൗലേനീകാണുന്നീലേ—?"

42

(ഓമന)

"ഭാഗ്യപ്രതാപങ്ങൾലൗകികമായതി-
ലാഗ്രഹംഭക്തക്കുനാസ്തിരാജൻ!
നിത്യകന്യകയായ്യേശുവേപൂജിപ്പാൻ
സത്യംഞാൻമുന്നമചെയ്തുവല്ലോ"

43

(രാജൻ)

"സാമന്തർസമ്രാട്ടിൻസമ്മതംകൂടാതെ
വ്യാമോഹംമൂലമായ്ക്രിസ്തുമതം.

സ്വീകരിച്ചെന്നതക്ഷന്തവ്യകററംതാ-
നാകയാൽശിക്ഷക്കർഹരത്രേ.
കാമിനിമൗലേനിൻപ്രേമസരിത്തിലേ
കോമളവീചിയീത്തെററുമായ്ക്കും.-”

44

(ഓമന)

“നേർവഴിയ്ക്കീശ്വരസേവനടത്തുവാ-
നുർവ്വിയിൽസ്വാതന്ത്ര്യം അവർക്കുംതുല്യം
രാഷ്ട്രീയാധികാരസീമയിലല്ലതു
കഷ്ടമീപ്പീഡകംനാശഹേതു.
ഈശ്വരപ്രേമത്തിൽമാനസംനീന്തുമ്പോൾ
നശ്വരലൗകികചിന്തയെങ്ങ് —?”

45

(രാജൻ)

“രാജമീമാംസനീവിസ്തരിക്കേണ്ടിതു
രാജീവലോചനേ!പ്രേമരംഗം.
റോമൻസിംഹാസനപ്രൗഢിനീയോർക്കുക
ഭൂമിയിലെന്തിതിൽ ധന്യമന്യം —?”

46

(ഓമന)

“ശൃംഗാരദേവതതൻബലിക്കുള്ളതോ
സംഗതംസാമ്രാജ്യപ്പൊൻകിരീടം -?
റോമൻസിംഹാസനമർഹിക്കുംപ്രൗഢിയി-
ലാമയംപോക്കുവാൻകൂപ്പിടുന്നേൻ.”

## 47

(രാജൻ)

“തെല്ലുംവിവേകമില്ലാകയാലത്രേനീ
നല്ലതറിയാതെചൊല്ലുന്നേവം.
മിന്നൽപ്പിണരൊളിമിന്നുന്നസൗന്ദര്യം
സന്യസിച്ചീടാനോ തന്നതീശൻ—?
ശൃംഗാരസാരംതിളങ്ങിയനന്തമാം
ഭംഗിതിളങ്ങുന്നനേത്രയുഗ്മം
ധ്യാനോപവാസങ്ങൾകൊണ്ടുകുഴിച്ചഹോ!
വേനൽക്കിണറുപോലാക്കിടാമൊ—?
പാടലപേലവമാകുമധരങ്ങൾ
വാടിവരണ്ടിട്ടുലാഭമെന്തേ—?
നെററിയാം ചന്ദ്രനിൽഭാഗ്യത്തിൽകാവ്യത്തെ-
പ്പററിഎഴുതുംകുറുനിരയിൽ.
വൈരാഗ്യമുണ്ടന്നദണ്ഡനംനന്നിതോ
നാരകീയോഗ്രമായ്ലോകഗാത്രി—?
സൗന്ദര്യമാകർഷണത്തിനായീശനാൽ
സന്ദായകംജീവജാലങ്ങൾക്കായ്.
പൂക്കൾവിവിധമാംവർണ്ണവിശേഷങ്ങ-
ളുൾക്കൊള്ളുന്നീലയോ? എന്നപോലെ.
സൗന്ദര്യാവകാശമാക്കുന്നനുരാഗം
നന്നായ്ത്തിരിച്ചിണചേർത്തിടുന്നു.
ആകയാൽഭോഗവിലാസിതരംഗത്തിൽ
ആകമ്രമാടിടാംവന്നുകൊൾക.

പൂവണിപ്പൊന്നുഞ്ഞാലാടിവിലസുവാൻ
കാവേണ്ണി! വന്നാലും പൂവനത്തിൽ,
സിംഹാസനാൽമലങ്കരിച്ചിട്ടവാൻ
സാഹസംവിട്ടുവന്നാലുംധന്യേ!
സാമ്രാജ്യാധീശചരനാജ്ഞയരുളീടാൻ
തുമ്പൃദ്ഭാഷിണ്ണിവന്നുകൊൾക.
സ്വാധീനമാകുമീച്ചെങ്കോലിൻവൈഭവം
നീയിങ്ങുവന്നുപരീക്ഷിച്ചാലും."

**48**

(ഓമന)

"ദീനജനാവനലോലുപൻക്രിസ്തുവെൻ
മാനസംതിങ്ങിവിളങ്ങീടുന്നു.
അന്യമാമൊന്നിനുമന്തനമൊരല്പവും
സ്ഥാനമില്ലങ്ങതുസത്യംമാത്രം.
ഉഗ്രമാമാശയമേറുംവിവരണം
സുഗ്രഹമല്ലെനിക്കെന്തുചെയ്യാം — ?
കന്യകയായിഞാൻജീവിക്കുംനിശ്ചയം
ധന്യയാംമേരിതൻകാരുണ്യത്താൽ.
ക്രിസ്തുവിൻപാദങ്ങളാണിതുസത്യംതാൻ
വ്യത്യാസംവന്നിടാതെല്ലപോലും."

**49**

തന്വിവിരമിച്ചു — കോപധൂമ്രാക്ഷനായ്
മന്നോരിൽമന്നനൊന്നുഗ്രനായി.

## 50

ആശതന്നങ്കത്തിൽ രാജൻ! ഉറങ്ങുമ്പോൾ
പേശലംപൊൻകനിസ്വപ്നംകണ്ടു!!
കിട്ടിയെന്നോർത്തുനീ കൈകളെനീട്ടിഹാ!
പെട്ടെന്നയന്നുവാനിൽമാഞ്ഞു·—!!

## 51

ഗൗരവമാരംഗത്തോളമടിച്ചപ്പോൾ
ദൂരെത്താൻനിന്നുപോയ് മന്ദവായു.

ഓടിയണഞ്ഞങ്ങനിശ്ശബ്ദഭീകരൻ
നേടിയധീശത്വമല്പംനേരം.

സത്വരംമന്നന്റെതീക്കണ്ണിൽനിന്നുടൻ
അസ്ത്രങ്ങൾപാഞ്ഞുനിശിതതപ്തം.

ദന്തംകടിച്ചുതകർത്തതിൻമാറ്റൊലി
പൊന്തിനിന്നന്നതഭിത്തികളിൽ.

വൻകോപാൽകൈകൾകശക്കിച്ചുവന്നു
കുങ്കുമംപൂശിയപോലെയായി.

ഉച്ചത്തിലട്ടഹസിച്ചിവരാജേന്ദ്രൻ
നിശ്ചയദാർഢ്യംതുളുമ്പുംവിധം.

## 52

“റോമൻസമ്രാട്ടിന്റെശക്തിയറിയാനാ-
യിമ്മട്ടുരച്ചുവോസാഹസികേ—?
മാപ്പപേക്ഷിപ്പാനായല്പംസമയമു-
ണ്ടല്ലജ്ഞേ —യാപത്തീന്നോടിമാറാൻ

ക്രൂട്ടാക്കുന്നീലേനീ—നാശംവിഴുങ്ങുവാൻ
ദംഷ്ട്രങ്ങൾകാണിച്ചടുത്തീടുന്നു.
കാരാഗൃഹത്തിലേയ്ക്കത്രനിൻയാത്രയെ-
ന്നോരാതെമൗനംഭജിച്ചിടുന്നു!!
ധിക്കാരംതീർത്തൊതുങ്ങീടുന്നാകാലത്തെ-
യക്കനേക്കാണുവാൻസാദ്ധ്യമാകു—!!”

53

ഏവമുരച്ചുടൻരാജേന്ദ്രൻനോക്കുന്നു
ഭാവമിവൾക്കെത്രമാറിയെന്ന്.
മിണ്ടാതെനമ്രമുഖിയായിനില്ക്കുന്നു
വണ്ടാറണിവേണിക്രൂസലെന്യേ.
സമ്രാട്ടുചില്ലിയൊന്നല്പമിളക്കിഹാ
ഓമനതന്നൊവളഞ്ഞുവൈവന്യം.
കാർമേഘമദ്ധ്യത്തിൽനിസ്തേജചന്ദ്രൻപോ-
ലാമയംക്രൂറീത്തുകന്യകയും.
കഷ്ടമീകോകിലംക്രൂട്ടിലകപ്പെട്ടു
ദുഷ്ടതയ്ക്കില്ലല്ലോപും സ്ത്രീഭേദം.
തീനിറച്ചുള്ളൊരുപൊന്നിൻചിമിഴിനെ
ന്നൂനംവിപത്തിനായ്പൂട്ടിവച്ചു.!!
ഈശവിലാസവികസിതമാനസം
പാശംകണ്ടമ്പരന്നീടുമെന്നോ-?
ഉത്തുംഗസ്വർഗ്ഗത്തിൽലക്ഷ്യമാമാത്മാവി
കൽത്തുറുങ്കെത്രതാൻഗണ്യമാകും-?

# IV.

## 54

ഭീകരഭീമമാംയാതനയ്ക്കെല്ലാമേ-
യാകരമായുള്ള കാരാഗാരം.
നീളെയണിയണിയായതാകാണുന്നു
കാളിമകാർമുടിചൂട്ടുംവേദി !
വാരൊളിവീശുംപ്രകൃതിവിഭവങ്ങൾ
തീരെവിരോധിച്ച ശാപവേദി!
കോപശാപങ്ങൾതൻ തീക്കറകളാൽ
വേപഥുകൊള്ളിക്കും ശോകവേദി!
വ്യായാമംവായുവെളിച്ചവുംകൂടാതെ
ആയസ്സൊടുക്കുന്ന രോഗവേദി!
ശോകദമാകുംപ്രതീകാരവിത്തുകൾ
പാകമൊരുക്കുംവികാരവേദി!
കണ്ണീർതളിച്ചതറകളിൽമോചനം
എണ്ണുംജനത്തിൻെറ ഹോമവേദി!
നന്നാവാൻവേണ്ടുന്നശുദ്ധികർമ്മങ്ങളും
ഒന്നൊഴിയാതെയിണങ്ങുംവേദി!
കഷ്ടമീക്കൂട്ടിൽ കിടക്കുന്നകൂട്ടരെ-
യൊട്ടൊന്നു ചിന്തിപ്പോരാരുലോകേ-?
ഭീകരകങ്കാളരൂപികൾഗൗരവ
ശോകാന്ത നാടകമാടിടുന്നോർ.

പിത്തംപിടിച്ചുവിളർത്തവർപാരമായ്
രക്തംദൂഷിച്ചുവികൃതമാണ്ടോർ.
വാതംപിടിച്ചുവലയുന്നോർ ഭക്ഷണ-
മേതുംതികയാതെ കേണിടുന്നോർ.
പാറാവിൽക്കാണുമീക്കൂട്ടർക്കുവേണമോ
വേറെനരകമെന്നോർക്കുമാരും.
തെററാത്തമർത്ത്യനുംഏററിടാംബന്ധനം
ഏററംദൂഷിച്ചവൻ ശിഷ്ടനാകാം.
ആകയാലാളുകൾ നന്നാവാൻതക്കപോ-
ലാകണംരാജ്യത്തിൻകാരാഗാരം.

**55**

ഓമനവാഴുംതുറുങ്കതാകാണുന്നു
ആമഹതിക്കുള്ളവസ്ഥനോക്കാം.
ചങ്ങലകൊണ്ടതാകാലും കരങ്ങളും
അങ്ങൊരുത്തുണ്ണൊട്ടുചേർത്തുകെട്ടി
സ്നാനാശനങ്ങളുംകൂടാതെവാഴുന്നു
ദീനയിരുമ്പഴിക്കുള്ളിലയ്യോ!!
സമ്രാട്ടിൻദൃഷ്ടീത്തി തൻകൊടിക്കൂറപോ-
ലോമനതൻമുടിപാറിനില്പൂ.!!
മട്ടോലുംവാണിതൻ വാരിയെല്ലുഗ്രമാം
പട്ടിണിമൂലമെഴുന്നുകണ്മൂ!!
പാപത്തിൻകുണ്ടിലാദ്ധ്യൂത്തനിറങ്ങിടാൻ
കല്പടയെന്നാപോൽശോചനീയം!!

നേത്രങ്ങളേററംകുഴിഞ്ഞതായികാണുന്നു
വസ്ത്രവുമാകെമുഷിഞ്ഞുകഷ്ടം—
അക്ഷയദൈവികചൈതന്യംവീശുന്നു—
ണ്ടക്ഷികളാനനംശാന്തധീരം!!
എന്നുംവരുന്നുണ്ടാരാജേന്ദ്രനോമന-
യ്ക്കുന്നതഭാവമെന്തെന്നറിവാൻ.
ശൃംഗാരശാസ്ത്രപ്രധാനഭാഗങ്ങൾത-
ന്നംഗീകൃതാവശ്യപ്രമേയങ്ങളെ.
ഓരോന്നായ്പൊന്തിക്കുമാവിടരാട്ടെന്നാൽ
തീരെ നിരസിക്കുംവീരജാക്ഷി.
കൂടുതൽയാതനനൽകുവാൻകല്പിക്കും
പേടമാൻകണ്ണിസഹിക്കുമെല്ലാം.
ഇങ്ങിനെമുപ്പത്തിയേഴുദിവസങ്ങൾ
നീങ്ങി മനോഹരിവാടിമങ്ങി
ജീവിതംതന്നിലുള്ളാശയകന്നവൾ
ഏവംനിനയ്ക്കയായ് ഭക്തിപൂർവ്വം.

**56**

"കൗടില്യമേതുമറിയാത്തോരെന്നെനീ
പാടേവെടിഞ്ഞുവോ ദീനബന്ധോ?
ഭൗതികതന്ത്രവിശാരദൻസമ്രാട്ടെ-
ങ്ങേതുമറിയാത്തബാലയെങ്ങ്?
ദുഷ്കൃതംസാമ്രാജ്യനാശത്തിന്നായിടാം-
നിഷ്കൃപൻനിർലജ്ജംചെയ്‌വതേവം

പക്ഷേ—മുഷിയുന്നുപച്ചയാംശൃംഗാര
ഭിക്ഷുകൾ—തീരെയസഹ്യമായി.
തച്ചൽപാദപത്മേവിലയിപ്പിച്ചീടണേ-
യല്പയാമെന്നുടെആത്മാവിനെ."

57

ഇങ്ങനെയോമന ധ്യാനിച്ചിരിക്കുമ്പോ-
ളങ്ങൊരു ദിവ്യമാംശോഭവീശി!!
ക്രൂരിരുൾതിങ്ങുംഗുഹാതലംതന്നിലേ
പാരംതിളങ്ങിയമിന്നൽപോലെ.
മഞ്ജുളമീപ്രഭമായാതെന്നിന്നനു-
രഞ്ജിച്ചഹൃദ്യസുഗന്ധമൊപ്പം.
ഈപ്രഭാമദ്ധ്യത്തിൽകാണായിസ്വർഗ്ഗീയ-
മപ്രമേയാകൃതിയാകാശത്തിൽ!!
പൂർണ്ണപരിവേഷംചൂഴ്ംശശാങ്കനാ-
വിണ്ണിൽനിന്നെന്തിനിറങ്ങുന്നൊന്നായ്.
ഓമനചിന്തിച്ചുസൂക്ഷിച്ചുനോക്കുമ്പോൾ
ശ്രീ മേരിമാതിൻെറധ്യാനരൂപം,
ചാലേയവതരിച്ചാമുറിമദ്ധ്യത്തിൽ
ശ്രീലസൽസുസ്മിതംതൂകിനിന്നു.!!
നാരകീയോഗ്രതനുത്തംതുടർന്നോരാ-
ക്കാരാഗൃഹമൊരുദിവ്യരംഗം
ആയിചമഞ്ഞുടൻആനന്ദനിർവൃതി
ശ്രീയുയർന്നോലക്കംപാടിനിന്നു.

മാതാവുമൊത്തൊരുവീടിയിൽ ഭക്തിയിൽ
പ്രീതയായ് സസ്മിതമാശിക്കുറി!!
കാരുണ്യമൂർത്തുകും നിരീക്ഷണപൂർവ്വകം
മേരീജനനിമൊഴിയുകയായ്.

58

"പുത്രീകരയായ്ക —ദൈവികസാന്ത്വാരം
അത്രേനടന്നിട്ടന്നത്രസത്യം!
ഭക്തർതൻമാതൃകയ്ക്കിത്യാദിയാതന—
യത്യന്താപേക്ഷിതംതന്നെകുഞ്ഞേ!
രാഷ്ട്രിയാധികാരദാവാഗ്നിദപ്രഷിത
ശിഷ്ടരെദ്രോഹിക്കുന്നത്രപണ്ടേ
അസ്തമിച്ചീടണമായതതിന്നായി
ക്രിസ്തുനിയോഗിച്ചു-പുത്രീനിന്നെ.
ഇന്നേയ്ക്കുമൂന്നാംനാൾ ബന്ധനംവേർപെട്ടു
അന്നേയ്ക്കുനാല്പതുനാൾതികയും.
പേരെഴും ഗബ്രിയേൽ ക്രൂട്ടരുമൊത്തവ-
ന്നോരോരോകാലത്തുരക്ഷനൽകും.
ശാശ്വതസായൂജ്യം സമ്പാദിച്ചീടുവാൻ
വിശ്രുതസേവനംചെയ്യുമ്പോലേ—!"

59

ഏവംപറഞ്ഞമ്മചെമ്മേമറഞ്ഞുടൻ
കേവലംമങ്ങിമറഞ്ഞുരംഗം
നാല്പതുനാളാത്തുറങ്കിൽവസിച്ചിട്ടു-
മുല്ലലക്ഷിക്കില്ലഭാവഭേദം.

കാമാർത്തികോപമായ് രൂപംധരിക്കയാ-
ലോമനയ്ക്കുന്നാത ദണ്ഡനങ്ങൾ,
നൽകുവാനാലോചിച്ചാജ്ഞയരുളിനാൻ
കാകോള ചിത്തനാം ചക്രവർത്തി.
ചമ്മട്ടികൊണ്ടതി ക്രൂരമടിക്കുവാൻ
ദുർമ്മദനുഗ്രമാമാജ്ഞനൽകി.

ക്രിത്യംനടത്തുന്നസാമർത്ഥ്യം കാണിപ്പാ-
നത്യർത്ഥംകിങ്കരർ യത്നിക്കയായ്.

ചെമ്പകമാമ്പലെന്നീവകസൂനങ്ങൾ—
ക്കെമ്പോടുംകാഠിന്യം കൂടുതലായ്
തോന്നിക്കുംമട്ടതിമാർദ്ദവമേറുമീ-
യിന്ദീവരേക്ഷണ തൻമേനിയിൽ.

കഷ്ടംപടക്കംപൊട്ടീടുന്നമാതിരി
ചാട്ടയ്ക്കടിക്കുകക്രൂരമയ്യോ!!
കല്ലുംപിളർന്നിടുമാജ്ഞനടക്കയായ്
ചൊല്ലുവാൻശേഷിയോപോരാശേഷം.

തയ്യലാൾതന്നുടെ പൂമേനിലക്ഷ്യമായ്
അയ്യോ—വൻ ചമ്മട്ടിയാഞ്ഞുയർന്നു.!!

ഹാ—മൃദുമേനിയിൽ ആഘാതമേററിതാ
ഓമനച്ചൂളിച്ചുരുങ്ങിഅയ്യോ!!
മാംസവും ചർമ്മവുംവാറിൻെറവണ്ണത്തിൽ
ധൂസരമായിഹാ—രക്തംപാഞ്ഞു !

പിന്നെയും പിന്നെയും വീശിയടിച്ചവർ
തന്നംഗി തന്നെയാ രാക്ഷസന്മാർ.
കങ്കമക്കട്ടപോൽ കിങ്കരർതൻമുമ്പിൽ
മങ്കമാർമൗലിഹാ! ബോധഹീനം.
വീണുകിടക്കുന്നു — കാന്നികൾകേഴുന്നു.
ക്ഷോണിനിമഗ്നമായ് ശോണിതത്തിൽ.
മൃത്യുവിവാഹക്കിനി നിശ്ചയമെന്നുതാൻ
ഭൃത്യർനിനച്ചങ്ങോ-പോയുളഞ്ഞു.

**60**

ദിവ്യപരിമളമപ്പൊഴാരംഗത്തിൽ
സർവ്വത്രവ്യാപിച്ചുശാന്തിവീശി.
പ്രത്യക്ഷമായപ്പോൾരണ്ടുമാലാഖാമാ-
രത്യന്തസൗരഭ തൈലവുമായ്.
തൈലമുഴിഞ്ഞവരോമനമുന്നേതിൽ
പേലവഗാത്രിയായ് പൂർണ്ണസുഖം!!
വാർത്തയുപേന്ദ്രനറിഞ്ഞു മദനാതിലും
ആർത്തനായ് ഭക്തയിലാനക്തനായ്.
ഭൂയോപിയതിച്ചു തോററുകുപിതനായ്
തോയത്തിൽ താഴ്ത്തുവാനാജ്ഞനൽകി.
ഭക്തതൻദേഹത്തിൽ നങ്കൂരംബന്ധിച്ചു
താഴ്ത്തിനാർനിമ്നഗ-"ടൈബർ"-തന്നിൽ.
അപ്പോഴുംദൈവത്തിൻ ദൂതന്മാർരക്ഷിച്ചു
അല്പംനനഞ്ഞീല വസ്ത്രംപോലും !!

അസ്ത്രമെയ്തീടുവാനാജ്ഞയനന്തരം
ഭൃത്യൎക്കുനൽകിനാൻ പാപപൂൎണ്ണൻ.
പൊട്ടുപഴപ്പിച്ചുബാണങ്ങളെയ്യുമ്പോൾ
പെട്ടെന്നുപിന്തിരിഞ്ഞെയ്തയാളെ
അത്ഭുതമത്രെ നശിപ്പിച്ചുകണ്ടപ്പോൾ
വിഭ്രമംപൂണ്ടോടി രാജഭൃത്യർ!!
വെട്ടിവധിക്കുവാൻകല്പന നൽകിനാൻ
ധൃഷ്ടനനന്തരമാശാഭംഗൻ!!
ഭക്തയിവൾക്കുസായൂജ്യംനൽകീടുവാൻ
സത്യസ്വരൂപനും നിശ്ചയിച്ചു.
ക്രിസ്തു ഭഗവാൻെറക്രൂശിതവാൎത്തയാൽ
പ്രസ്തുതമാംവെള്ളിയാഴ്ചനാളിൽ
ഉച്ചയ്ക്കുശേഷമൊരാഗസ്ററു പത്തിൽതാ—
ന്നിശ്ചയിച്ചത്രെയീ ക്രൂരകൃത്യം!!

61

കാത്തുരാക്ഷിക്കില്ല ഭീതിമരണത്തിൽ
താതമാതാക്കളെ ഓൎത്തുകേണു
കൃത്യദിനത്തിനുമുമ്പിലെ രാത്രിയിൽ
ക്രിസ്തുവിളിപ്പിച്ചുവരെത്തന്നെ.
ധ്യാനിച്ചിരിക്കുമ്പോൾകാണായിചിത്തത്തിൽ
ധന്യമാം ക്രൂശിതരൂപംഭംഗ്യാ
ത്തുമന്ദഹാസം തൂകുന്നമധരങ്ങൾ
പ്രേമനിഷ്യന്ദിയാം നീണ്ടനേത്രം.

മുൾമുടിതങ്കമായ് മിന്നിത്തിളങ്ങുന്നു
ഓമന പ്രീതയായ് കൂപ്പിനിന്നു !!
ഈശൻ വലങ്കരം നീട്ടിയനർഘമാ-
മാശിസ്സരുളുമ്പോൾ കൈത്തലത്തിൽ
സുപ്രഭാതത്തിൽ പുലരിപോൽ മിന്നുന്നി-
തപ്പോളാക്കാരിരുമ്പാണി ദ്വാരം !!
ഓമന ഭക്തിയിൽ മുങ്ങി മയങ്ങിപ്പോ-
യാമയം നീങ്ങിയുറങ്ങിവേഗം —!!

**62**

റോമിന്റെ മദ്ധ്യത്തിൽ രക്തസാക്ഷിത്വത്തിൻ
ഭീമയശസ്തംഭം നാട്ടീടുവാൻ,
ക്രൈസ്തവമർദ്ദനസാഹസചര്യത-
ന്നസ്തമനാഹ്ലതിനൽകിടുവാൻ;
ചാരിത്ര രക്ഷയ്ക്കായ് ജീവിതമെങ്ങനെ
നാരികളർപ്പിക്കുമെന്നറിവാൻ;
രാഷ്ട്രിയദൈവിക ശക്തിതന്നന്തരം
സ്പഷ്ടമായ് ലോകരെ കാണിക്കുവാൻ;
എല്ലാമൊരുങ്ങി—"കൊളീസിയ"—നാമത്തിൽ
ചൊല്ലുറും വിസ്തൃതമല്ലരംഗേ.
പ്രസ്തുതരംഗത്തിൻ മദ്ധ്യത്തിൽ ഭക്തയെ
സത്യപരീക്ഷയ്ക്കായ് കൊണ്ടുവന്നു.
ദ്യോവിൽനിന്നാശ്ചര്യ ഭാസൊന്നവതരി-
ച്ചാവരണം ചെയ്താഭക്തതന്നെ.

ചുററുംനിരന്ന ജനങ്ങളിക്കാഴ്ചയിൽ
ഏററം രസമുള്ളോർ,—മററുള്ളോരും
ശാന്തഗംഭീരയനന്തമാം ചിന്തയാൽ
ക്ലാന്തമാംസ്വാന്തത്തിൻ ദർപ്പണമായ്
വാരുററകാരുണ്യം വീശിവിളങ്ങുന്ന
ചാരുനയനങ്ങളർപ്പിച്ചെങ്ങും.
നോട്ടത്തിൽനിന്നാസദസ്യർക്കനന്തമാം
ശിഷ്ടോപദേശങ്ങൾ ലഭ്യമായി.

63

"വേദനകണ്ടുരസിക്കുക—കഷ്ടമാം
നിർദ്ദയരാക്ഷസവർഗ്ഗശീലം!
ജീവകാരുണ്യംതാൻ ലോകത്തിന്നാധാരം
പാവനഭക്തിതൻ പൂർണ്ണകേന്ദ്രം.
ശോണിതമാശയാകാണുന്നോരെണ്ണുന്നു
നാണയംപാപത്തിൻ ശാപമൂല്യം.
കൊല്ലാനവകാശമില്ലതുകാണുവാൻ
ഉല്ലാസംകൂടുന്നതെത്രകഷ്ടം—?
ക്രൂരനരകത്തിൽവാഴുവാനാഗ്രഹം
പാരമവക്കെന്നനക്തസിദ്ധം."
ഭക്തയിൽനിന്നേവം വീശിയചൈതന്യം
എത്രയാത്മാക്കൾക്കുണർവുനൽകി—?
ഭീകരമീകൃത്യം കാണാതെയെത്രപേർ
ശോകഭരിതരായ് പോയിരിക്കാം—?

**64**

ഓമനനിന്നാസ്ഥലത്തിൻ ചരിത്രങ്ങൾ
സാമാന്യം ചിന്തിച്ചുനിശ്വസിച്ചു.

പാവനജീവിതചര്യൻ പരാൽപ്പര-
സേവചെയ്തോരുടെ ജീവരക്തം,

വീണുചുവന്നൊരു ദാരുണഭൂതലം
കാണാൻവയ്യാതവൾ കണ്ണടച്ചു !!

ആപ്പുണ്യാത്മാക്കൾതൻ ഗണ്യാപദാനങ്ങ-
ളപ്പോൾപുളകമവൾക്കുചാർത്തി !!

ആയവരേററൊരു യാതനയോർത്തപ്പോൾ
തയ്യലാൾക്കുൾത്രാസം കൂടിനിന്നു.

സന്തതപൂജ്യരാം പുണ്യചരിതരേ
പിന്തുടന്നീടുമ്പോൾ ലഭ്യമാകും.

ഉന്നതസ്ഥാനത്തിൻ സാമാന്യചിന്തയാൽ
തന്നെമറന്നവൾ ലോകകാര്യം.

**65**

പൂണ്ണംചിറകുവിരിച്ചു മാലാഖാമാർ
വിണ്ണിൽനിരന്നു വെൺമേഘംപോലെ.

കാററടിച്ചീല ചിലച്ചീലപക്ഷികൾ
ചുററിയിരുന്നോരും സ്തബ്ധരായി.

എന്തൊരസുഖമഹാ! വീപ്പുമുട്ടീടുംപോൽ
താന്തരായീടുന്നു ജീവജാലം

മേഘവിരിയുടൻ സൂര്യൻവലിച്ചിട്ട
സാഘോഷം രജേന്ദ്രനാഗമിച്ചു.
ആയതംവാളുറ നീക്കിയെടുത്തേകൻ
ആയസമാനസൻ വന്നുനിന്നു.
അപ്പോൾ ശ്രീദയാമനയാകാശേക്രൂപ്പുകൈ-
യപ്പിച്ചു വാർമിഴിപൂട്ടിനിന്നു.
ആ കൈയിരുണ്ടുടൻ സംഗാമരണത്തിൻ
സാക്രുത സാന്നിദ്ധ്യംവീശിയെങ്ങും !!

**66**

ആഹാ! മരണമേ! നീ തെളിഞ്ഞീടാതെ
പാഹിമാം ചൊല്ലുകീത്തനപിമുമ്പിൽ.
എത്രസന്തോഷമായ് സ്വാഗതംചെയ്യുന്നു
മിത്രഭാവത്തിൽ നിൻ സാന്നിദ്ധ്യത്തെ --!

**67**

കേട്ടു മണിനാദം — വാളൊന്നിളകിപ്പോ !
ശിഷ്ടമുരയ്യേണ്ടാ — കണ്ടുകൊൾക !!
ഏണാക്ഷിതൻതല ദൂരെത്തെറിച്ചതാ
ശോണിതംമൂടിയുരുണ്ടിടുന്നു !!
ചാരിത്രദീക്ഷതൻ മാഹാത്മ്യംചെഞ്ചോറിൽ
പാരിലെഴുതിയുരുണ്ടാശീഷം !!
എത്രനാൾനില്ക്കുമീസ്വേച്ഛാധികാരമെ-
ന്നാത്തലചാർത്തുന്നു- ചോദ്യചിഹ്നം !!
അപ്പോഴുംസുസ്മിതമാനനമോതിയോ
അല്പജ്ഞൻസമ്രാട്ടിൻ ഹാസ്യഭാവി ?

ഓമനതൻതടി വീണൊരുശബ്ദത്താൽ
റോമൻസിംഹാസനം ഞെട്ടിയുഗ്രം!!
കൃത്യസ്ഥലത്തുനിന്നപ്പോളൊരത്ഭുത
ദീപ്തിയുയരുന്നതായിത്തോന്നി!!
ചന്ദ്രനെവെൺമേഘമെന്നപോൽ മാലാഖാ-
വൃന്ദമീശോഭയെ ചുററിനിന്നു!!
ഓമനതന്നുടെയാത്മാവുയർന്നുപോയ്
ചിന്മയൻതന്നോടു ചേർന്നുനിന്നു!!
ഭക്തർക്കനുഭവമിങ്ങനെ---അന്ധന്മാർ
രക്തവുംകണ്ടു പുളച്ചുനിന്നു!!
സ്വന്തംസിംഹാസനം രക്തപ്രവാഹത്തിൽ
നീന്തുന്നതുംകണ്ടുരാജൻ നിന്നു!!

## V.

### 68

കാലമാംപുസ്തകത്താളുകളോരോന്നായ്
ചാലേമറിഞ്ഞു മറിഞ്ഞുപോന്നു.
റോമിലെ സാമ്രാജ്യംവീണുപോയ്—ക്രിസ്തുവിൻ
ശ്രീമയരാജ്യംവികസിച്ചെങ്ങും.
ഓമനതന്നുടെ ഭൗതികശിഷ്ടങ്ങൾ
ഭൂമിതന്നുള്ളിലങ്ങേറെക്കാലം

മങ്ങികിടന്നുപോയ് — കാലത്തിൻപൂണ്ണത
സംഗതമാവാഞ്ഞതമൂലമാവാം.
ആയിരത്തെണ്ണൂററിരണ്ടിലീ ഭക്തതൻ
കായികാവശിഷ്ടം കണ്ടുകിട്ടി.
അക്കടീരത്തിൽ കണ്ടെന്സ്സൗരഭ്യം
അക്കാലരീതിയി—"മീന്തൽത്തുഞ്ചും."
പ്രത്യേകസ്ഥാനത്തു വയ്പിച്ചുസൂക്ഷിച്ചീ-
ഭക്തസുസാക്ഷിതൻ ഭൗതികാംശം.
അദ്ദിവ്യവസ്തുവിൽ ലോകസമാശ്വാസം
ഉദ്ദേശിച്ചുത്രെ! ശ്രീയേശുനാഥൻ!!
അത്ഭുതദൎശനം ഭക്തജനങ്ങളിൽ
സംഭവിച്ചോരോന്നായ് നാളിൽനാളിൽ.

69

"ലൂസിയാഫാദർ"—താനാദ്യമീഭക്തതൻ
ഭാസുരഭക്തിയിൽ വിശ്വസിച്ചു.
"നോളോവിൽ" "മുഞ്ഞാനോ" എന്നനഗരത്തിൻ
പള്ളിയിൽ സ്ഥാപിച്ചീഭൗതികാംശം
അന്നുമുതൽക്കേത്ര വിസ്മയസംഭവം
ഇന്നോളം അങ്ങുനടന്നുദിവ്യം—?
എല്ലാംപറഞ്ഞിടാൻ തെല്ലല്ലവൈഷമ്യം
ചൊല്ലിടാം ഒന്നതിലേററംമുഖ്യം.

70

"പൗലിൻജാരിക്കോട്ടെ" ന്നൊരു യുംഭക്തയാം
ശീലഗുണാന്വിത ഫ്രാൻസിൽവാണു.

ഉത്സാഹംകൂറിനാൾ പ്രേഷിതവൃത്തിയിൽ
ഭാസുരകീർത്തിയും നേടിയവൾ.
രോഗബാധിതയായ് കാലക്രമത്താലെ
വേഗംവളൎന്നുയൎന്നുവന്നു.
ഔഷധം ധ്യാനംനയമ്പുകളീവക
യൊഷയ്ക്കുന്നാശ്വാസം നൽകിയില്ല.
ഓമന തന്നുടെഭൗതികാവശിഷ്ടം
ആമയംതീൎക്കുവോരൗഷധമായ്
വിശ്വസിച്ചായവൾ—മുഞ്ഞാനോപ്രാപിപ്പാൻ
വാശിയിൽനിർബന്ധിച്ചെന്നോവേണ്ടു.
ഫ്രാൻസിൽനിന്നിററലി പ്രാപിക്കയെന്നതു
നിസ്സാരകാൎയ്യമല്ലേറും ദൂരം.
പോകുവാൻതന്നെയുറച്ചവൾ യാത്രയായ്
പാകമകമ്പടിക്കാരുമായി.
മാർഗ്ഗമദ്ധ്യത്തിലിറങ്ങി ശ്രീപാപ്പിനെ
വ്യഗ്രവിനാശാൎത്ഥം വന്ദിപ്പാനായ്.
അത്തിരുമേനിക്കും സംശയംതോന്നിപോൽ
പ്രസ്തുതനാരിതൻ രക്ഷയിങ്കൽ.
വിശ്വാസം മുറ്റേറാട്ടുതള്ളിയമാനിനി-
യാശീർവാദാനന്തരം പോയിവീണ്ടും.
തക്കസമയത്തുമുഞ്ഞാനോപ്രാപിച്ചു
ഉൾക്കടരോഗവുമന്നകന്നു!!

ഓമന തന്നുടെഭൗതികാംശങ്ങളിൽ
ആമയനാശാർത്ഥംതൊട്ടുതനചി.

ആരോഗ്യപൂർണ്ണയായ് തീർന്നവൾലോകത്തി-
ലോരോരോമൂലയ്ക്കും വാർത്തയെത്തി.
മാടിവിളിച്ചുമരിച്ച ജനങ്ങളെ
കൂടെനടത്തിയക്രിസ്തുരാജൻ!!
കൈവല്യമേകിയ കാമിനിഓമന-
യ്ക്കാവതല്ലാത്തതിന്നെന്തുതന്നെ —?
പിന്നെയുമേറെനാൾ ജീവിച്ചുജാരിക്കോ-
ട്ടുന്നൂനംസേവിച്ചു സൽസഭയെ.
പാപ്പാപരമ്പ്യമാം വന്ദനാനുവാദം
കല്പിച്ചനുവദിച്ചായിടയിൽ!!

71

"ആർസിലെയാചാര്യൻ"-ഓമനതന്നിലെ
നിസ്സീമഭക്തിയാൽ കീർത്തിനേടി
സന്യാസിചിന്തിച്ചാൽ പ്രത്യക്ഷയാകുമീ
കന്യകയെന്നൊരുകേൾവിപൊങ്ങി.
ജീവിച്ചിരിക്കും മനുഷ്യരോടെന്നപോൽ
ഈവിശിഷ്ടാശയൻ ഓമനയെ,
കണ്ടുസംസാരിച്ചു —ഭക്തിതൻമാഹാത്മ്യം
കൊണ്ടേതുകാര്യംതാൻസാദ്ധ്യമല്ല-?
ഓമനതൻകഥ സംസാരിച്ചീടുവാ-
നീമഹാനുത്സാഹം തന്നെനിത്യം.

കേട്ടാൽവിശുദ്ധയിതേവരെ സന്യാസി
ശ്രേഷ്ഠനൊത്തായിരുന്നൊന്നുതോന്നും
"സ്വർഗ്ഗീയരാജകുമാരി"--"യെന്റോമന"
ഭാഗ്യവാനേവം വിളിച്ചുകൂപ്പും
ഓമനഭക്തനാം സന്യാസിസാധിച്ച
വിസ്മയസംഗതിസംഖ്യാതീതം.
ഒന്നുരച്ചീടാം- വടിയൂന്നിക്ലേശിച്ചു
വന്നുമുടന്തിയൊരുത്തിയന്നാൾ
"താനേനടക്കാൻശ്രമിക്കു"--എന്നാചാര്യൻ
ധ്യാനനിരതനായ് ചൊന്നുടനേ
രോഗിണിനേരേനടന്നാത്തു കണ്ടപ്പോൾ
യോഗിയുരച്ചുപോൽ തൃപ്തിപൂർവ്വം
"കണ്ടോ ഫിലോമിന തന്നുടെശക്തി നീ
പണ്ടേതിൽ ഭക്തയായ് വാഴ്കപോയി."

72

ചാരിത്രശുദ്ധിയും ഭക്തിവിശ്വാസവും
ഏറുമീയോമന തന്നിലെന്നും
ഭക്തരായ് ജീവിതനിർവ്വൃതിനേടുവിൻ
നിത്യനാംക്രിസ്തുവേ വാഴ്ത്തിടുവിൻ!!

ശുഭം

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |
| | | |

DC Library
*00001630*
T61 N16

PRINTED AT THE
St. Joseph's Press, Palai.

Applai To:-

*Manager,*
St. Filomina's Publication,
Kavikunnu—Palai.

61
116

# ലോമിന



T61
N16

By
തമ്പിയിൽ നാരായണപിള്ള